കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്
# 2018-19
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ടി.എസ്.ആർ.(പി.3)1781/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.
ഫോൺ നമ്പർ -0487 2331249

e-mail: dotsr.ksad@kerala.gov.in
തീയതി:13.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം -ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ 1-4, ഭാഗം 3-ലെ 3-1 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ടി.എസ്.ആർ.(പി.3)1781/2019, തീയതി:13.05.2020

## തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 01.4.2018 മുതൽ 31.3.2019 തീയതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി മേരി ഹണി ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.11.19 മുതൽ 29.11.19 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീ.ശിവൻ.പി.എ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി.സീനത്ത്.പി.എ. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സിനിലാൽ.എം.ജി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.നിജ്ജ.സി.എസ്. | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ഇ.കെ.മല്ലിക | 01.04.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | കെ.എസ്.രാംദാസ് | 01.04.18 മുതൽ 31.03.19 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് | | |
|---|---|---|
| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
| രാമദാസ്.കെ.എസ് | സെക്രട്ടറി | 01.04.18 മുതൽ 31.03.19 വരെ |
| ലിപ്സി ജോസ്.പി | അസി. സെക്രട്ടറി | 01.04.18 മുതൽ 25.4.18 വരെ |
| | അസി. സെക്രട്ടറി ഒഴിവ് | 26.04.18 മുതൽ 21.6.18 വരെ |
| രതി.എ | അസി. സെക്രട്ടറി | 22.06.18 മുതൽ 31.03.19 വരെ |
| മിനി എസ് കല്യാൺ | അഗ്രി. ഓഫീസർ | 01.04.18 മുതൽ 31.03.19വരെ |
| സുശീൽകുമാർ | വെറ്ററിനറി സർജൻ | 01.04.18 മുതൽ 31.03.19 വരെ |
| മുംതാസ് | മെഡി.ഓഫീസർ പി. എച്ച് .സി. | 01.04.18 മുതൽ 31.03.19 വരെ |
| രജിത | മെഡി.ഓഫീസർ ഹോമിയോ | 01.04.18 മുതൽ 31.03.19 വരെ |
| സലജകുമാരി | മെഡി.ഓഫീസർ ആയുർവേദം (ശാന്തിപുരം) | 01.04.18 മുതൽ 31.03.19 വരെ |
| ഗീതദേവി പി.ജി | മെഡി.ഓഫീസർ ആയുർവേദം (പനങ്ങാട്) | 01.04.18 മുതൽ 31.03.19 വരെ |
| ഗീത പി ആർ | വി.ഇ.ഒ (പനങ്ങാട്) | 01.04.18 മുതൽ 31.03.19 വരെ |
| ഹസീന ടി എച്ച് | വി.ഇ.ഒ (ആല) | 01.04.18 മുതൽ 31.03.19 വരെ |
| രാജീവ് പി എൻ | വി.ഇ.ഒ (പി.വെമ്പല്ലൂർ സർക്കിൾ) | 01.04.18മുതൽ 31.03.19 വരെ |
| ഹേമലത.പി.എൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01.04.18 മുതൽ 25.07.18 വരെ |
| ലളിത കെ കെ | | 26.7.18 മുതൽ 22.10.18 വരെ |
| ശുഭ നാരായണൻ | | 23.10.18 മുതൽ 31.3.2019 വരെ |
| ഓമന കെ ജെ | ഹെഡ്മിസ്ട്രസ് | 01.04.18 മുതൽ 31.03.19 |

| | | |
|---|---|---|
| | | വരെ |
| അനബേബി | അസി.എഞ്ചിനീയർ | 01.4.2018 മുതൽ 31.3.2019 വരെ |
| പ്രശാന്ത് | ഡയറി ഫാം ഇൻസ്പെക്ടർ | 01.04.18 മുതൽ 31.03.19 വരെ |
| അൻസിൽ പി എം | ഫിഷറീസ് ഇൻസ്പെക്ടർ | 01.04.18 മുതൽ 31.03.19 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വസ്തു നികുതികുറവായി നിർണ്ണയിക്കുന്നതുമൂലം തനതു വരുമാനത്തിൽ നഷ്ടം | 1-12 |
| 13 | വസ്തുനികുതി പരിഷ്കരണം നടത്തിയിട്ടില്ല | 1-13 |
| 14 | സ്ഥാപനങ്ങൾക്ക് വ്യവസായ ഗണത്തിൽ വസ്തു നികുതി നിർണ്ണയിക്കാതെ വാണിജ്യാടിസ്ഥാനത്തിൽ നിർണ്ണയിച്ച നികുതി ഈടാക്കുന്നു | 1-14 |
| 15 | സഞ്ചയയിൽ വ്യവസായ ഗണത്തിലുള്ള സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-15 |
| 16 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-16 |
| 17 | പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് കെട്ടിടനികുതി ഒഴിവാക്കൽ-അപാകതകൾ | 1-17 |
| 18 | എസ്.സി.ഭവന പുനരുദ്ധാരണം തുടർ നടപടി സ്വീകരിക്കണം. | 1-18 |
| 19 | ലൈഫ് പദ്ധതി രണ്ടാംഘട്ടം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം | 1-19 |
| 20 | പ്ലാസ്റ്റിക് മാലിന്യ സംസ്കരണം- ശേഖരിച്ച പ്ലാസ്റ്റിക് കയ്യൊഴിയാൻ നടപടി സ്വീകരിക്കണം. | 1-20 |
| 21 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവു തുക തടസ്സപെടുത്തുന്നു. | 1-21 |
| 22 | വൃദ്ധർക്ക് കട്ടിൽ വിതരണം-ക്വാട്ട് ചെയ്ത | 1-22 |

| | | |
|---|---|---|
| | നിരക്കിനോടൊപ്പം ജി.എസ്.ടി. കൂടി നൽകി, അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണം. | |
| 23 | അംഗൻവാടികൾക്ക് ചുമർ ചിത്രം വരയ്ക്കൽ- വാല്യുവേഷൻ ലഭ്യമാക്കണം. | 1-23 |
| 24 | വയോജന സംഗമം. ചെലവുരേഖകൾ ഹാജരാക്കിയില്ല. ചെലവു തുക 74905 രൂപ തടസ്സപെടുത്തുന്നു. | 1-24 |
| 25 | 108-ാം നമ്പർ അംഗൻവാടി സ്മാർട്ടാക്കൽ രേഖകൾ മുഴുവനായി ലഭ്യമാക്കിയില്ല. | 1-25 |
| 26 | എസ്.എസ്.എ.യ്ക്ക് അധികം നൽകിയ തുക ഭാവിയിൽ ക്രമീകരിക്കാൻ നടപടി സ്വീകരിക്കണം. | 1-26 |
| 27 | തുല്യതാ പരീക്ഷ-തുടർ നിരീക്ഷണം ഉറപ്പാക്കണം. | 1-27 |
| 28 | ആശ്രയ പദ്ധതി -ഭവന പുനരുദ്ധാരണം -പണി പൂർത്തീകരിച്ചിട്ടില്ല | 1-28 |
| 29 | വിനിയോഗ വിവരം ലഭ്യമല്ല | 1-29 |
| 30 | വനിത കാന്റീനിലേക്ക് ഫ്രിഡ്ജ് – ഉപയോഗപ്പെടുത്തേണ്ടതാണ്. | 1-30 |
| 31 | മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്- അപാകതകൾ | 1-31 |
| 32 | പോത്തിൻകുട്ടി വളർത്തൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-32 |
| 33 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -എസ്.എൽ.ബി.പി.യിൽ അവശേഷിക്കുന്ന തുക ക്രമീകരിക്കേണ്ടതാണ് | 1-33 |
| 34 | കാലിത്തൊഴുത്ത് നവീകരണം -രേഖകൾ മുഴുവൻ ഹാജരാക്കിയിട്ടില്ല. | 1-34 |
| 35 | ലൈബ്രറിസെസ്സ് -കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല | 1-35 |
| 36 | അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ -പദ്ധതിപ്രവർത്തനങ്ങൾ ത്വരിതമാക്കേണ്ടതാണ് | 1-36 |
| 37 | അങ്കണവാടികളുടെ ഭൗതിക അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-37 |
| 38 | ജി.എൽ.പി.സ്കൂൾ -അപര്യാപ്തതകൾ പരിഹരിക്കേണ്ടതാണ് | 1-38 |
| 39 | മരാമത്ത് പ്രവൃത്തികളുടെ നിർവഹണം | 1-39 |
| 40 | ശംഖുകുളങ്ങര താമരക്കുളം റോഡ് റീടാറിങ് -ആവിഷ്കരിച്ചതുപോലെ നടപ്പാക്കിയില്ല | 1-40 |
| 41 | തൊഴിലുറപ്പ് പദ്ധതി – പൊതുവിവരങ്ങൾ | 1-41 |
| 42 | ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി-റോഡ് പ്രവൃത്തികളിലെ അപാകതകൾ | 1-42 |
| 43 | ടെണ്ടർ ശതമാനം കുറവ് ബില്ലിൽ കുറവ് ചെയ്തില്ല-കരാറുകാരന് അധികം നല്കി | 1-43 |
| | ഭാഗം-2 | |
| | ഇല്ല | |
| ഭാഗം-3 | | |

| | | |
|---|---|---|
| 44 | ടെണ്ടർ ശതമാനം കുറവ് ബില്ലിൽ കുറവ് ചെയ്തില്ല- കരാറുകാരന് അധികം നല്കി | 3-1 |
| ഭാഗം-4 | | |
| 45 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 46 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 47 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 49 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 50 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 51 | ഓഡിറ്റ് റിക്കവറി | 4-7 |
| 52 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 53 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 54 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 55 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 56 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 57 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

കരട് ബജറ്റ് 27.2.2018 തീയതിയിലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. (പഞ്ചായത്ത് കമ്മറ്റി പാസ്സാക്കിയ തീരുമാനം 1/23.3.18). പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 25.2.2019 തീയതിയിലെ 1(4) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. കരട് ബജറ്റ് പ്രകാരം മുന്നിരിപ്പ് 85,35,355/- രൂപയും പ്രതീക്ഷിത വരവ് 18,02,07,000/- രൂപയും ചെലവ് 18,45,79,195/- രൂപയും ആയിരുന്നു. എന്നാൽ പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 30,54,75,501/- രൂപയും ചെലവ് 31,03,30,413/- രൂപയും നീക്കിയിരിപ്പ് 36,80,443/- രൂപയും വാർഷിക ധനകാര്യ പത്രിക (R&P) പ്രകാരം വരവ് 15,28,75,646/- രൂപയും ചെലവ് 14,14,01,860/- രൂപയും നീക്കിയിരിപ്പ് 2,07,50,110/- രൂപയും ആണ്. പുതുക്കിയ ബജറ്റിനു ധനകാര്യ പത്രികയിലെ യഥാർത്ഥ കണക്കുമായി വളരെയേറെ അന്തരം കാണുന്നു. മാത്രമല്ല കരട് ബജറ്റ് തയ്യാറാക്കിയ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, 2017-18 ലെ Revised budget നീക്കിയിരിപ്പ് 49,98,541/- രൂപയും (അതേ മിനിറ്റ്സ്, തീരുമാനം 1(18)) അതേ സമയം കരട് ബജറ്റ് മുന്നിരിപ്പ് 85,35,355/- രൂപയും ആയി മിനിറ്റ്സിൽ കാണിച്ചിരിക്കുന്നു. ബജറ്റ് വളരെ അശ്രദ്ധയോടെയാണ് കൈകാര്യം ചെയ്യുന്നത് എന്നത് ഇതിൽ നിന്നും വ്യക്തമാണ്.

കുറിപ്പ്:- 1994 ലെ പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(2) പ്രകാരം ബജറ്റിൽ കാണിച്ചിട്ടുള്ള പ്രവർത്തന നീക്കിയിരിപ്പ് നടപ്പുവർഷത്തെ മതിപ്പ് വരവിൽ എൻഡോവ്മെന്റുകളിലും സർക്കാർ ഗ്രാന്റുകളിലും അംശാദായങ്ങളിലും ലൂണശീർഷകങ്ങളിലും നിന്നുള്ള വരവുകൾ എന്നിവ ഒഴികെയുള്ളതിന്റെ 5% ത്തിൽ കുറയാൻ പാടുള്ളതല്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി പ്രതീക്ഷിത വരവിനേക്കാൾ അധികരിച്ച് ചെലവ് കണക്കാക്കിയാണ് ബജറ്റ് തയ്യാറാക്കി കാണുന്നത്. ഇത് സ്ഥാപനത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യങ്ങൾക്ക് വിരുദ്ധമാണ്. ഇത്തരം അപാകതകൾ ഒഴിവാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| | |

| | |
|---|---|
| 31-07-2019 | 06-05-2019 |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 92,76,324 |
| വരവ് | 15,28,75,646 |
| ആകെ | 16,21,51,970 |
| ചെലവ് | 14,14,01,860 |
| നീക്കിയിരിപ്പ് | 2,07,50,110 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 24210000 | 24210000 | 24210000 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 11211000 | 11211000 | 11211000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 11097000 | 11097000 | 11097000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5901000 | 5901000 | 5901000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 11237000 | 11237000 | 11237000 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | സ്റ്റേറ്റ് | 0 | 0 | 0 | 0 | 0 |
| | സെൻട്രൽ | 0 | 0 | 0 | 0 | 0 |
| MLA Fund | | 0 | 536050 | 536050 | 536050 | 0 |
| വിമുക്തി | | 20330 | 25000 | 45330 | 11415 | 33915 |
| Bio Diversity | | 106400 | 0 | 106400 | 0 | 106400 |
| Anganwady water Connection | | 0 | 10000 | 10000 | 0 | 10000 |
| MGNREGA അവാർഡ് | | 0 | 20000 | 20000 | 20000 | 0 |
| കർഷക അവാർഡ് | | 0 | 100000 | 100000 | 100000 | 0 |
| Donation to Flood | | 0 | 35000 | 35000 | 35000 | 0 |
| കാലവർഷക്കെടുതി | | 0 | 10000 | 10000 | 10000 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി+Material Cost | 0 | 30022107 | 30022107 | 30022107 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 27918 | 535769 | 563687 | 530141 | 33546 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ICDS | 1534103 | 1192550 | 2726653 | 1703124 | 1023529 |
| | ബേട്ടി ബചാവോ ബേട്ടി പഠാവോ | 27088 | 0 | 27088 | 27088 | 0 |
| | TSC(Biogas Plant) | 69000 | 0 | 69000 | 0 | 69000 |
| | മഴക്കാല പൂർവ്വം | 7687 | 210000 | 217687 | 170500 | 47187 |
| | ശുചിത്വ പഞ്ചായത്ത് | 25000 | 0 | 25000 | 25000 | 0 |
| | ശുചിത്വമിഷൻ ഇൻസന്റീവ് | 0 | 547910 | 547910 | 0 | 547910 |
| | സ്വച്ച് ഭാരത് | 0 | 1100000 | 1100000 | 0 | 1100000 |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 424446 | 7304146 | 7728592 | 6133644 | 1594948 |
| | ജില്ലാ പഞ്ചായത്ത് | 35000 | 4888458 | 4923458 | 4812395 | 111063 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് (എസ്.ബി.ഐ) | 392008 * (7939016-7547008) | 35675415 | 36067423 | 34375018 | 1692405 |
| | ബാങ്ക് അക്കൗണ്ട് (TDCB, SN Puram) | *7547008 | 13646370 | 21193378 | 12613171 | 8580207 |
| | ട്രഷറി അക്കൗണ്ട് (STSB) | 433134 | 28080868 | 28514002 | 20174328 | 8339674 |
| | Joint Venture (JV STSB) | 429416 | 12222634 | 12652050 | 10946039 | 1706011 |
| | Canara Bank-NREGA | 27918 | 535769 | 563687 | 530141 | 33546 |
| | Canara Bank-Plan/Pension | 226211 | 8022 | 234233 | 0 | 234233 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 213 | 167968262 | 149 | 61893050 | 63 | 1 | 69.95 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 27918 | 535769* | 563687 | 530141 | 33546 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 30022107 | 30022107 | 30022107 | 0 |
| *535319+450(Stale cheque forfeited) | 27918 | 30557876 | 30585794 | 30552248 | 33546 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 37680 | 37 |
| കർഷകതൊഴിലാളി പെൻഷൻ | 3943000 | 302 |
| വിധവാപെൻഷൻ | 22464700 | 1881 |
| വാർദ്ധക്യകാലപെൻഷൻ | 31981600 | 2672 |
| | | |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 5742600 | 433 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിത പെൻഷൻ | 1309200 | 107 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 300000 | 10 |

# 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.11.2019 11.20 A.M ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2102/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിങ് കമ്മിറ്റികളിലെടുക്കുന്ന തീരുമാനങ്ങളെല്ലാം തന്നെ അക്കമിട്ട് പഞ്ചായത്ത് ഭരണസമിതിയിൽ അംഗീകരിക്കുന്നത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളത് മറ്റ് ത.സ്വ.ഭ.വ സ്ഥാപനങ്ങളിൽ കാണാത്ത വേറിട്ടുള്ള സംഗതിയാണ്. വൗച്ചറുകളെല്ലാം പുസ്തകരൂപത്തിലാക്കി ഭംഗിയായി സൂക്ഷിച്ചിട്ടുള്ളതും വേറിട്ട സംഗതിതന്നെയാണ്. വളരെ കുറഞ്ഞ സ്ഥലം ഉപയോഗിച്ച് ഇത് സൂക്ഷിച്ചുവെക്കാൻ കഴിയുന്നതുമാണ്. മരാമത്ത് പണികളുടെ നിർവഹണത്തിലും തുക ചെലവഴിക്കുന്നതിലും ബ്ളോക്ക് പഞ്ചായത്ത് പരിധിയിലെ മറ്റ് സ്ഥാപനങ്ങളെ അപേക്ഷിച്ച് മുന്നിലാണ്.

ബജറ്റ് പ്രകാരമുള്ള വരവു ചെലവു കണക്കുകൾ യഥാർഥ വരവുചെലവുകണക്കുകളുമായി ഗണ്യമായ അന്തരം പുലർത്തുന്നത് ത്വരിതഗതിയിൽ പരിഹരിക്കേണ്ട പോരായ്മയാണ്. മുൻവർഷങ്ങളിലെ വരവു ചെലവു കണക്കുകളെ ശരിയായ അർത്ഥത്തിൽ വിലയിരുത്തിയാൽ ഈ അപാകത വളരെ എളുപ്പത്തിൽ പരിഹരിക്കാവുന്നതേയുള്ളൂ. ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിലും അടിയന്തിരശ്രദ്ധ പതിയേണ്ടതുണ്ട്. ഇത് പക്ഷെ എല്ലാ സ്വയംഭരണസ്ഥാപനങ്ങളിലും നിലനിൽക്കുന്ന ഒരു അപാകതയാണ്. യഥാസമയം പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് ആസ്തികളുടെ കുറ്റമറ്റ രീതിയിലുള്ള പരിപാലനത്തിന് ഇത് വളരെ സഹായകരമാണതാനം.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.10.19,18.10.19, 19.10.19 | ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ 2019 | 6.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.7.2015 | 2014-15 | 11.9.2015 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ

പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1 തൻവർഷം

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3950932 | 3290500 | 156986 | 513065<br>യഥാർത്ഥത്തിൽ 503446 ആണ് ബാലൻസ് വരേണ്ടത്. വ്യത്യാസം 9619 രൂപ 15459 രൂപ തൻവർഷ അഡ്വാൻസ് തുക അടുത്ത വർഷത്തേക്ക് അഡ്ജസ്റ്റ് ചെയ്യാനുള്ളതായും മുൻ വർഷങ്ങളിലേതടക്കം 398174 രൂപ അഡ്വാൻസ് ബാലൻസ് അഡ്ജസ്റ്റ് ചെയ്യാനുള്ളതായും കാണിച്ചിട്ടുണ്ട്. |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3950932 | 3303702 | 840547 | *ഡിമാന്റിനേക്കാൾ കളക്ഷൻ 193317 രൂപ അധിക കളക്ഷൻ വരേണ്ടിയിടത്ത് 513586 രൂപ കിട്ടാനുള്ള ബാലൻസ് ആയി കാണിച്ചിരിക്കുന്നു. |
| | | | | |

| | | | | |
|---|---|---|---|---|
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | *(539625/105X100)=<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 2130218 | 1769896 | 35921 | 332068<br>യഥാർത്ഥത്തിൽ 324401 ആണ് ബാലൻസ് വരേണ്ടത്. വ്യത്യാസം 7667 രൂപ 5958 രൂപ തൻവർഷ അധിക തുക അടുത്ത വർഷത്തേക്ക് അഡ്ജസ്റ്റ് ചെയ്യാനുള്ളതായും മുൻ വർഷങ്ങളിലേതടക്കം 133162 രൂപ അഡ്വാൻസ് ബാലൻസ് അഡ്ജസ്റ്റ് ചെയ്യാനുള്ളതായും കാണിച്ചിട്ടുണ്ട്. |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2130218 | 1753395 | 239245 | *137578 വരുന്നതിനു പകരം 332247 രൂപയായി കറന്റ് ബാലൻസ് വർദ്ധിപ്പിച്ചു. വ്യത്യാസം 194669 രൂപ |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *(348859 /105X100)<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 2.2 കുടിശ്ശിക

### 2.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| “സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 546669 | 322420 | 232456/-. 224249 ആണ് ബാലൻസ് വരേണ്ടത്. വ്യത്യാസം 8207 രൂപ |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 472743 | 324857 | 147886 വരേണ്ടതിനു പകരം 233213 രൂപയാണ് ബാലൻസ് വന്നിട്ടുള്ളത്. വ്യത്യാസം 85327 രൂപ |
| | *(2017-18-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (237875+258505= 496380/105x100) | റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി.-43 | **(ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) (244874/105x100)= 2332133 |

### 2.2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| “സഞ്ചയ"സോഫ്റ്റ്‌വെയർ പ്രകാരം | 366505 | 186561 | 182728. യഥാർത്ഥത്തിൽ 179944 ആണ് ബാലൻസ് വരേണ്ടത്. വ്യത്യാസം 2784 രൂപ |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 295072 | 183777 | 111295 വരുന്നതിന് പകരം 183282 രൂപയാണ് അരിയർ ബാലൻസ് കാണിച്ചിട്ടുള്ളത്. വ്യത്യാസം 71987 രൂപ |
| | (2017-18-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) *(81215+228611 = 309826/105x100) | റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി.-43 | ** (192446/105x100)= ...., ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

| | | | |
|---|---|---|---|
| | | | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 200759 | 29611 | 230370 | 166549 | 16296 | 182845 | 8305 | | 26200 (വരേണ്ടത് 25904) | 12418 (വരേണ്ടത് 13315) | 41756 (വരേണ്ടത് 39220) |
| | നോൺ-റെസിഡൻഷ്യൽ | 110693 | 20296 | 130989 | 89147 | 9351 | 98498 | 1822 | | | | |
| | ആകെ | | | 361359 | | | 281343 | 10127 | | 70724 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 343219 | | | 281833 | | | | | 61386 വരുന്നതിനു പകരം 65127 രൂപ B-15 പ്രകാരം വന്നിട്ടുള്ളത്. | | |
| | | 39161+6081150x 5/100=304058 (current LC) = 343219<br>(2017-18-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101- State govt Cess/levies ലെഡ്ജർ 2018-19)<br>(38391 ആണ് 17-18 B-15 LC ആയി വരേണ്ടിയിരുന്നത് അപ്രകാരമെങ്കിൽ ആകെ ഡിമാന്റ് 38391+304058=342448) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt. Cess/levies ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:2.1.1, 2.1.2, 2.2.1, 2.2.2, 2.3 എന്നീ ഖണ്ഡികയിലെ പട്ടികകൾ)

2.5. 1/4/2018-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19-ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ ശ്രീനാരായണപുരം

ഗ്രാമപഞ്ചായത്തിൽ 349 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19-ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non residential building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 3 തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. (01.04.18, 14.3.19, 30.3.19). ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷിക കണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.6. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 281833 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 291470 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല.

2.7 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2018 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-19 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues - Property tax on Residential building | 840547 | 392862 |
| 2 | 350410104-Advance collection of revenues - Property tax on Non-Residential building | 239245 | 132761 |

2.8 തൻവർഷത്തെയും മുൻ വർഷത്തെയും വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ താഴെ പറയും പ്രകാരം രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കുറവ് ചെയ്തതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനവ്/കുറവ് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ്/കുറവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ്/കുറവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.8.1 റെസിഡൻഷ്യൽ

| ക്രം.ന | ജേണൽ | തീയ്യതി | തുക |
|---|---|---|---|

| | വൗച്ചർ | | |
|---|---|---|---|
| 1 | 41700487 | 01/04/17 | 728001 (18-19ലേക്ക് വർദ്ധനവ്) |
| 2 | 41800690 | 31/03/19 | 301160 (കുറവ്) |

2.8.2 നോൺ-റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41700488 | 01/04/2017 | 195854 (18-19ലേക്ക് വർദ്ധനവ്) |
| 2 | 41800689 | 31/03/19 | 76120 (കുറവ്) |

2.9 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 1325444 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State govt levies in property tax"എന്ന ശീർഷകത്തിൽ വരേണ്ട തുക 63116 രൂപ (1325444/105x5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 65127 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

3. 2018-19-ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസ പത്രികയും അനുബന്ധ കണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക 2.6ൽ ചേർത്തിട്ടുണ്ട്)

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1 | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent from Building | 1064525<br>11066 | 03.12.18<br>01.04.18 | 41800167<br>41800734 (correction entry) |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നൽകുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4. അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. (വസ്തു നികുതി ഒഴികെ)

തൊഴിൽ നികുതി (ട്രേഡേഴ്സ്)

| ഇനം | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|
| തൊഴിൽ നികുതി | 437960 | 231300 | 205410 | | 7500 (1250 ബാലൻസ് |

| | | | | | |
|---|---|---|---|---|---|
| (ട്രേഡേഴ്സ്<br>(കറന്റ്) | | | | | വരേണ്ടത്) |

5. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15(a) പ്രകാരം, വസ്തുനികുതി ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി 31/03/2019 പ്രകാരമുള്ള തുക ചേർത്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | 2018-19ൽ പ്രൊവിഷനായി രേഖപ്പെടുത്തിയ തുക | 31/03/2019-ലെ അക്യുമലേറ്റഡ് പ്രൊവിഷൻ ബാക്കി |
|---|---|---|---|
| 1 | 270100101- Provision for Doubtful Receivable-Property Tax | 41127 | (444380)-<br>Head 432100101 |

എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

6. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം& എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ 1-18) | 31/03/2019-ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101- Prior period income – Property tax on residential buildings | (393862) |
| 280100104 – Prior period income-Property tax on non residential buildings | (132761) |

7. കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

8. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

9. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11473786 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 21554292 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

# 1-12 വസ്തു നികുതികുറവായി നിർണ്ണയിക്കുന്നതുമൂലം തനതു വരുമാനത്തിൽ നഷ്ടം

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 14.01.2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ ആകെ തറ വിസ്തീർണ്ണമുള്ളവ: 50/- രൂപ / ച.മീ.

200 ച.മീറ്ററിനു മുകളിൽ ആകെ തറ വിസ്തീർണ്ണമുള്ളവ ഷോപ്പിംഗ് കോംപ്ളെക്സ്/മാൾ,സൂപ്പർമാർക്കറ്റുകൾ: 70/- രൂപ / ച.മീ.

ചെറിയ തറ വിസ്തീർണ്ണത്തിൽ(100ച.മീ. താഴെ) തിരിച്ച ഷോപ്പ് റൂമുകളടങ്ങിയതും എന്നാൽ ആകെ തറ വിസ്തീർണ്ണം 100ച.മീറ്ററിനു മുകളിൽ വരുന്നതുമായ വിവിധ വാണിജ്യ കെട്ടിടങ്ങൾക്ക് അവയുടെ തറ വിസ്തീർണ്ണം മൊത്തമായി പരിഗണിക്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച റൂമുകളോടു കൂടിയ ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 50/- രൂപ പരിഗണിക്കേണ്ടതിനു പകരം 30/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. കൂടാതെ കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 200ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതിനു ഷോപ്പിംഗ് മാൾ/കോംപ്ലെക്സ് എന്ന മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച റൂമുകളോടു കൂടിയ ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 70/- രൂപയാണെങ്കിലും പഞ്ചായത്ത് അത്തരത്തിലുള്ള ഒരു കെട്ടിടത്തിനു പോലും ഇപ്രകാരം നികുതി നിർണ്ണയം നടത്താതെ മുകളിൽ പറഞ്ഞ പ്രകാരം ആണ് കണക്കാക്കിയിരിക്കുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) ൽ, ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണത്താൽ ആ കെട്ടിട ഭാഗങ്ങൾക്ക് <u>പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ</u>; ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണെന്ന് പറയുന്നതിനാലാണ് ഇത്തരത്തിൽ ചെറിയ മുറികളായി തിരിച്ച ആകെ 100 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിക്കുന്നതിന് ഇടയാക്കുന്നതെന്ന് കരുതുന്നു. എന്നാൽ 2011ലെ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പ് തന്നെ വസ്തു നികുതി നിർണ്ണയിച്ച് നമ്പർ നൽകിയ കെട്ടിടങ്ങൾക്ക് തക്കതായ കാരണമുണ്ടെങ്കിൽ മാത്രം അവയെ പ്രത്യേകം കെട്ടിടങ്ങളായി കണക്കാക്കുന്നതിന് ഇളവ് നൽകുന്നത് സംബന്ധിച്ചാണ് ചട്ടം 3(4)ലെ പരാമർശമെന്നത് വ്യക്തമാണ്. ചട്ടം 4(1) പ്രകാരം ഓരോ ഇനം കെട്ടിടമായി പരിഗണിച്ച് ചട്ടം 5(2) അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടത് പുതിയ കെട്ടിടങ്ങൾക്ക് അനിവാര്യമാണ്. ചട്ടം 5(2) പ്രകാരം നികുതി നിർണ്ണയിക്കുന്നത് കൊണ്ട് വിവിധ റൂമുകൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണ്ണയിച്ച് പ്രത്യേകം നമ്പർ നൽകുന്നതിന് യാതൊരു തടസ്സവും നിലവിലില്ലാത്തതുമാണ്. ആയതിനാൽ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതു വഴി വൻ തോതിൽ നികുതി നഷ്ടം സംഭവിക്കുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം | ഉടമയുടെ പേര് | വാണിജ്യ ആവശ്യത്തിനുള്ള ആകെ ബിൽഡിംഗ് ഏരിയ |
|---|---|---|---|
| 1 | V/579 -A to H | ശ്രീ.വിശ്വനാഥൻ തെക്കെമഠത്തിൽ | 206.91 |
| 2 | 7/283 -A to Q | ശ്രീമുഹമ്മദ് സഗീർ പൊന്നാം പടിക്കൽ | 427.23 |
| 3 | 7/273 -A to D,L,M,N,O,P,W,X,Y,Z,AH | ശ്രീ.ഇബ്രാഹിം ഹാജി പൊന്നാം പടിക്കൽ | 611.53 |
| 4 | 4/74 -A to J | ശ്രീ. രാജൻ തെക്കുട്ട് | 218.6 |

| | | | |
|---|---|---|---|
| | | കാരയിൽ | |
| 5 | 4/7 -A to D | കുറ്റി പ്പറമ്പിൽ പ്രകാശ് ബാബു ഭാര്യ രാജേശ്വരി | 105.7 |
| 6 | 8/16 -A to D | കാട്ടകത്ത് അബ്ദുൾ സലാം | 154.64 |
| 7 | 8/544- B to E | പൂത്തോട്ട് രാജൻ | 189.06 |
| 8 | 8/448-A to D | താനത്തു പറമ്പിൽ അബ്ദുൾ ഖാദർ | 255.32 |
| 9 | 6/254 -A to D,G | അശോകൻ പൂവത്തുംകടവിൽ | 543.98 |
| 10 | 2/112 -B to G | വർഗ്ഗീസ് പള്ളിപ്പാട്ട് | 133.57 |
| 11 | XVII/129- A to S | പതിയശ്ശേരി മഹല്ല് കമ്മറ്റി പ്രസിഡന്റ് | 261.65 |
| 12 | XVII/458-A to C | അബ്ദുൾ കരീം പാണ്ടികശാലക്കൽ | 250.38 |
| 13 | XXI/338-A to I | ഉണ്ണികൃഷ്ണൻ തറയിൽ | 173.03 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 5/25.11.19)ക്ക് മറുപടി തൃപ്തികരമല്ല. 100ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ളതും വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾക്ക് ടി.ചട്ടം 4(1), 5(2) എന്നിവയ്ക്കനുസൃതമായി 50/- രൂപ, 70/- രൂപ എന്നീ അടിസ്ഥാന നികുതി നിരക്കിൽ നികുതി നിർണ്ണയിക്കാതിരുന്നത് മൂലം വസ്തു നികുതി ഇനത്തിൽ ഒരു ലക്ഷത്തിൽപരം രൂപ വരവിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. 2011 ന ശേഷം കെട്ടിടനികുതി സമാനമായി കുറഞ്ഞ നിരക്കിൽ നിർണ്ണയം നടത്തിയ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വാണിജ്യ കെട്ടിടങ്ങളുടെയും വസ്തു നികുതി പുനർനിർണ്ണയം നടത്തി കുറവ് വന്ന നികുതി ഈടാക്കേണ്ടതും വിവരം ലഭ്യമാക്കേണ്ടതുമാണ്.(ഓഡിറ്റ് അന്വേഷണം 9/27.11.19)

# 1-13 വസ്തുനികുതി പരിഷ്ക്കരണം നടത്തിയിട്ടില്ല

താഴെ പറയുന്ന പാർപ്പിടാവശ്യ കെട്ടിടങ്ങൾക്ക് ഫോം 6 പരിശോധനയിൽ വസ്തു നികുതി പരിഷ്കരിച്ചതായി കാണുന്നില്ല.

1) കെട്ടിട നം. 11/526 – നിർമ്മല അയിനിപ്പുള്ളി-പാർപ്പിടം -ഏരിയ-135.84m2 (പ്രഥമം, കോതപറമ്പ്-കാര റോഡ്) ഈടാക്കുന്ന നികുതി 81/-

2) കെട്ടിട നം. 6/385 – സുബ്രമണ്യൻ, സദാനന്ദൻ, ഉണ്ണികൃഷ്ണൻ മുതലായവർ വലിയ പറമ്പിൽ -പാർപ്പിടം -ഏരിയ-87 m2 ഈടാക്കുന്ന നികുതി 81/-

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം 9/27.11.19). മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-14 സ്ഥാപനങ്ങൾക്ക് വ്യവസായ ഗണത്തിൽ വസ്തു നികുതി നിർണ്ണയിക്കാതെ വാണിജ്യാടിസ്ഥാനത്തിൽ നിർണ്ണയിച്ചു നികുതി ഈടാക്കുന്നു

2018-19-വ്യവസായം, വാണിജ്യം, സംരഭകത്വം, മറ്റു സേവനങ്ങൾക്കുള്ള ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ്, സഞ്ചയയിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ വാണിജ്യ ലൈസൻസെടുത്ത താഴെ പറയുന്ന 21 വ്യാവസായിക കെട്ടിടങ്ങൾ സഞ്ചയയിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

കെട്ടിട നം 13/275, 6/531, 8/563A, 19/402, 19/181, 14/148, 17/555, 19/186, 21/133, 21/528, 21/535A, 3/187, 1/263.2/179, 11/49, 11/518, 14/6A, 14/348, 16/498, 14/513, 7/88

മേൽപ്പറഞ്ഞ 21 കെട്ടിടങ്ങൾ ഫീൽഡ് പരിശോധന നടത്തേണ്ടതും സുരക്ഷ മാനദണ്ഡങ്ങൾക്കനുസൃതമായി G1, G2, MIMSE എന്നീ വ്യവസായ ഗണങ്ങളിൽ ലൈസൻസ് അനുവദിക്കേണ്ടതും സഞ്ചയയിൽ വാണിജ്യ ഗണത്തിൽ നിന്നും മാറ്റി വസ്തുനികുതി പരിഷ്കരിക്കേണ്ടതുമാണ്. കൂടാതെ 5 HPയിൽ കൂടുതലായി മെഷിനറി ഉപയോഗിക്കുന്ന ഫ്ലവർമിൽ ഉൾപ്പെടുയുള്ള സ്ഥാപനങ്ങളെയും വ്യവസായ ഗണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

# 1-15 സഞ്ചയയിൽ വ്യവസായ ഗണത്തിലുള്ള സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസെടുക്കാതെ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസായ ഗണത്തിലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.2018-19-വ്യവസായം, വാണിജ്യം,സംരഭകത്വം, മറ്റു സേവനങ്ങൾക്കുള്ള ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ്, സഞ്ചയയിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ സഞ്ചയയിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ട താഴെ പറയുന്ന 53 കെട്ടിടങ്ങൾക്ക് ലൈസൻസെടുത്തിട്ടില്ല

<u>വ്യവസായം-കൈത്തറി ഷെഡ് മുതലായവ</u>

കെട്ടിട നം 1/419,420, 2/44A, 2/451A, 2/388,389, 4/109A, 4/196A, 4/344A, 5/23B, 5/254, 6/67, 9/36A, 11/398A, 13/9, 13/63, 14/47A, 14/207A, 14/501A, 16/238A, 16/532B, 17/435A, 17/561B, 18/443, 20/195A, 20/345A, 20/360B, 21/367, 21/591, 21/593A

<u>ഇതര വ്യവസായം</u>

കെട്ടിട നം. 3/73A, 4/411B, 5/61A, 5/146A, 6/113B, 7/22A, 7/226A, 7/356B, 7/584, 8/101A, 10/98A, 10/275, 12/556, 13/161A, 14/160, 15/332B, 15/346B, 15/383E, 16/31B, 16/132B, 17/3554B, 19/72A, 19/179A, 19/350A, 20/338A

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം 12/28.11.19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല ഫീൽഡ് ക്ലർക്ക് സ്ഥല പരിശോധന നടത്തുകയും ലൈസൻസിനു നോട്ടീസ് നൽകുകയും ചെയ്യേണ്ടതാണ്. ലൈസൻസെടുത്ത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയതായോ ഗണം മാറി പ്രവർത്തിക്കുകയോ ഉണ്ടെങ്കിൽ വേണ്ട നടപടി സ്വീകരിച്ചു ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും നിർണ്ണയിക്കപ്പെട്ട നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും 2018-19വർഷം തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

I).<u>സ്ഥാപന നികുതി ഒടുക്കാത്തത്.(തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം</u>)

| ക്രമ നം. | പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ബി എസ് എൻ എൽ | $1^{st}$ &$2^{nd}$ |
| 2 | സുപ്രീം ബേക്കറി | $1^{st}$ &$2^{nd}$ |
| 3 | സുപ്രീം ഫുഡ് പ്രൊഡക്റ്റ്സ് | $1^{st}$ &$2^{nd}$ |
| | | |

| | | |
|---|---|---|
| 4 | സുപ്രീം ബേക്കറി പ്രൊപ്രൈറ്റർഷിപ്പ് | 1st &2nd |
| 5 | വി ആർ സുപ്രീം മാർക്കറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് | 1st &2nd |
| 6 | വി ആർ ഫുഡ്സ് | 1st &2nd |
| 7 | കല്ലട റീജൻസി | 1st &2nd |
| 8 | തേവർ പ്ലാസ ഓഡിറ്റോറിയം | 1st &2nd |
| 9 | ഗുരുദേവ കല്യാണ മണ്ഡപം | 2nd |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന (14/28.11.19)മറുപടി ലഭ്യമാക്കിയിട്ടില്ല.

II)കരാറുകാരിൽ നിന്നും നികുതി ഒടുക്കാത്തത്.

അസി.എഞ്ചിനീയറുടെ മാന്വൽ രസീതുബുക്ക്, കാഷ്ബുക്ക്, പ്രൊജക്റ്റ് രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ എന്നിവ പരിശോധിച്ചതു പ്രകാരം 2018-19 വർഷ കാലയളവിൽ പഞ്ചായത്തിൽ കരാറുകാരായി പ്രവർത്തിച്ച താഴെ പറയുന്ന 15 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് അടവാക്കിയിട്ടില്ല.

| പേര് | തുക |
|---|---|
| വി ഡി രാജീവ് | 2500 |
| സജീവൻ കെ കെ | 2500 |
| പി എ സജീവൻ | 2500 |
| മുഹമ്മദ് സഗീർ പി എ | 2500 |
| ഇ ജി സിജിൽ കുമാർ | 2500 |
| സത്യൻ കെ ബി | 2500 |
| സിദ്ദിഖ് വി എ | 2500 |
| സദാനന്ദൻ സി വി | 2500 |
| മുഹമ്മദ് റാഫി | 2500 |
| രവീന്ദ്രൻ | 2500 |
| രഞ്ജിത്ത് ടി | 2500 |
| രജീഷ് കെ ആർ | 2500 |
| കെ പി അങ്കുഷ് | 2500 |
| വിനു ശിവദാസ് | 2500 |
| സി വി ഷാൻ | 2500 |
| ആകെ | 37500 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന (2/25.11.19) ഈടാക്കുവാൻ നടപടി സ്വീകരിച്ചു വരികയാണെന്ന മറുപടി നൽകിയിട്ടുണ്ട്.

III) ഡി.ആന്റ് ഒ രജിസ്റ്റർ പ്രകാരം 640 ട്രേഡേഴ്സ് സ്ഥാപനങ്ങളുണ്ട്. ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ട 10 ൽ കുറവ് വ്യാപാര സ്ഥാപനങ്ങളിൽ നിന്നും മാത്രമേ അർദ്ധ വാർഷിക വരുമാന പത്രിക അടിസ്ഥാനമാക്കി ജീവനക്കാരുടെ തൊഴിൽ നികുതി വരവിലെടുത്തിട്ടുള്ളു. എന്നാൽ ഡി.ആന്റ് ഒ രജിസ്റ്റർ പ്രകാരം ഈ സ്ഥാപനങ്ങളിലെ ഒരു ജീവനക്കാരന്റെ/ ഉടമയുടെ തൊഴിൽനികുതി മാത്രമെ ഈടാക്കുന്നുള്ളു. ട്രേഡേഴ്സ് തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം നല്ല തോതിൽ വ്യാപാരം നടക്കുന്ന പ്രമുഖ സ്ഥാപനങ്ങളിൽ നിന്ന് പോലും തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കുന്നില്ല. (ഉദാ:ഇവന്റ് മേനേജ്മെന്റ് &കാറ്ററിംഗ് യൂണിറ്റുകൾ)

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280/- രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680/- രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450/- രൂപ. ഡി.ആന്റ് ഒ.രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള പകുതി സ്ഥാപനങ്ങളിൽ ഏറ്റവും ചുരുങ്ങിയത് ശരാശരി 2 ജീവനക്കാരെങ്കിലും തൊഴിലെടുക്കുന്നുവെന്ന് കരുതാവുന്നതാണ്. 320 സ്ഥാപനങ്ങളിലെ ഏറ്റവും ചുരുങ്ങിയത് 640 തൊഴിലാളികളിൽ നിന്ന് രണ്ട് അർദ്ധ

വർഷങ്ങളിലായി 5,76,000/- രൂപയെങ്കിലും (640x450x2) തൊഴിൽ നികുതി ഈടാക്കാൻ സാധിക്കുമെങ്കിലും ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ച് കാണുന്നില്ല. കൂടാതെ ഫാമുകൾ മുതലായവയിൽ നിന്നും സ്ഥാപന, വ്യക്തിഗത തൊഴിൽ നികുതികൾ ഈടാക്കാതെ പോകുന്നു. തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന ഈ സാധ്യത ഉപയോഗപ്പെടുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും നടപടികളുണ്ടായതായി കാണുന്നില്ല.

വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-17 പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് കെട്ടിടനികുതി ഒഴിവാക്കൽ-അപാകതകൾ

പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് കെട്ടിടനികുതി ഒഴിവാക്കി നൽകുന്നതുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്നുള്ള 2018-19 ലെ പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് കെട്ടിടനികുതി ഒഴിവാക്കി നൽകൽ ലിസ്റ്റ്, രജിസ്റ്റർ, അംഗീകാരം സംബന്ധിച്ചുള്ള ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സിലെ തീരുമാനങ്ങൾ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ഉണ്ട്.

1) കെട്ടിടങ്ങളുടെ ഫീൽഡ് പരിശോധന റിപ്പോർട്ട്, നികുതി ഒഴിവാക്കൽ സംബന്ധിച്ച അപേക്ഷ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2) രജിസ്റ്ററിൽ ആകെ ഒഴിവാക്കിയ നികുതി വിവരം ചേർത്തു സാക്ഷ്യപ്പെടുത്തിയിട്ടില്ല

3) സഞ്ചയലിസ്റ്റിൽ ഉള്ളതും അപേക്ഷയില്ലാതെ, സാധൂകരണം ലഭിക്കാത്തതുമായ 43 കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു

- 10/72, 10/244, 12/105, 12/107, 7/106, 12/535, 13/444, 20/222, 17/540, 14/268, 9/157, 9/183, 8/296, 9/18A, 8/624, 18/148C, 11/423B, 5/532, 1/165, 1/485, 12/54, 4/208, 4/324, 17/215, 17/231, 4/345, 7/538, 7/539, 21/209, 6/225, 6/481, 2/136, 2/328, 2/418, 2/479, 6/506, 19/382, 16/484, 4/377A, 10/206A, 2/532, 4/490, 16/532B

4) കൂടാതെ XIII/568, VIII/157, IV/322A, VI/56 എന്നീ കെട്ടിടങ്ങൾ സഞ്ചയ ലിസ്റ്റിൽ ഉൾപ്പെടാത്ത, സ്റ്റാന്റിംഗ് കമ്മറ്റീ തീരുമാനമില്ലാതെ രജിസ്റ്ററിൽ ചേർത്ത കെട്ടിടങ്ങളാണ്.

5) സഞ്ചയ ഡെമോളിഷ്ഡ് ബിൽഡിംഗ് ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി.ഫാത്തിമ കാട്ടകത്ത് എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിട നം. 14/192,194,195,196,197,198 എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം, രജിസ്റ്റർ എന്നിവയിൽ വരാത്തതാണ്. ഇവയിൽ 14/194,198 17-18 ൽ വേക്കൻസി റമിഷനിൽ ഉൾപ്പെട്ടതാണ്. (തൻവർഷം ഉൾപ്പെട്ടിട്ടില്ല). ഫയൽ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

6) കെട്ടിട നം. 16/268 ഗോപിനാഥൻ എരുമത്തിരുത്തി എന്ന വിമുക്ത ഭടന്റെ കെട്ടിടം പൊളിച്ചുമാറ്റിയ വിവരം രജിസ്റ്ററിലുണ്ടെങ്കിലും സഞ്ചയയിലില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം 4/25.11.19 ന മറുപടി ലഭ്യമാക്കിയിട്ടില്ല. ഫയലുകൾ ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

# 1-18 എസ്.സി.ഭവന പുനരുദ്ധാരണം തുടർ നടപടി സ്വീകരിക്കണം.

വി.ഇ.ഒ. വെമ്പല്ലൂർ നടപ്പാക്കിയ പ്രോജക്ട് നം. 47 പ്രകാരം എസ്.സി ഗുണഭോക്താക്കൾക്കുള്ള ഭവന പുനരുദ്ധാരണം സ്പിൽ ഓവർ പദ്ധതിയിലുൾപ്പെട്ട ശ്രീദേവി.മുതിരപറമ്പിൽ, സജീഷ് ചിറ്റാപ്പുറത്ത് എന്നീ ഗുണഭോക്താക്കൾ യഥാക്രമം 35000, 55000 എന്നിങ്ങനെ തുക കൈപറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക നൽകുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, അല്ലാത്തപക്ഷം നൽകിയ തുക പിഴപലിശ സഹിതം തിരികെ ഈടാക്കി സഞ്ചിത നിധിയിൽ തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-19 ലൈഫ് പദ്ധതി രണ്ടാംഘട്ടം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ഗ്രാമപഞ്ചായത്തിലെ ജനറൽ വിഭാഗത്തിൽപെട്ട അർഹരായ 160 ഗുണഭോക്താക്കളിൽ പഞ്ചായത്തുമായി കരാറിലേർപ്പെട്ട 140 ഗുണഭോക്താക്കളിൽ 130 പേരുടെ ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 10 പേരുടെ ഭവന നിർമ്മാണം കാലതാമസം കൂടാതെ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

എസ്.സി. വിഭാഗത്തിൽ അർഹരായി കണ്ടെത്തിയ 28 പേരിൽ 25 പേർ കരാറിലേർപ്പെടുകയും 21 പേർ നിർമ്മാണം പൂർത്തിയാക്കിയതായും കണ്ടു. ശേഷിക്കുന്ന നാല് പേരുടെ മെയിൻ വാർക്ക വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. പദ്ധതിയിലുൾപ്പെട്ടതും ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടതുമായ ഭൂരിഭാഗം ഗുണഭോക്താക്കളുടേയും ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനായത് അഭിനന്ദനാർഹമായ നേട്ടമായി ഓഡിറ്റ് വിലയിരുത്തുന്നു. അതോടൊപ്പം ബാക്കിയുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് പദ്ധതി ലക്ഷ്യം നേടാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 പ്ലാസ്റ്റിക് മാലിന്യ സംസ്കരണം- ശേഖരിച്ച പ്ലാസ്റ്റിക് കയ്യൊഴിയാൻ നടപടി സ്വീകരിക്കണം.

വി.ഇ.ഒ. പനങ്ങാട് നടപ്പാക്കിയ പ്രോജക്ട് നം. 190/19 പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പദ്ധതിക്കായി 1188560/- രൂപ വകയിരുത്തിയതിൽ 110917/- രൂപ സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, വേതനം നൽകുന്നതിനുമായാണ് മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി 18 പേരുടെ ഹരിതകർമ്മസേനയെ തെരഞ്ഞെടുക്കുകയും സേവനം നൽകുന്നതിന് യൂസർ ഫീ നിശ്ചയിച്ച് 2019 ഫെബ്രുവരി മുതൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ശേഖരിച്ച പ്ലാസ്റ്റിക്കിന്റെ വലിയൊരുഭാഗം ഷ്രെഡിംഗ് നടത്തി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പ്ലാസ്റ്റിക് ഇനം തിരിച്ച് ശേഖരിക്കാത്തതിനാലും ക്ലീൻ കേരളയുമായി ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെടാത്തതിനാലും, സർക്കാർ നിർദ്ദേശ പ്രകാരം ബ്ലോക്ക് തലത്തിൽ പ്ലാസ്റ്റിക് ശേഖരണ/സംസ്കരണ സംവിധാനങ്ങൾ പ്രാബല്യത്തിൽ വരാത്തതിനാലും നിലവിൽ ശേഖരിച്ചതും, ഷ്രെഡിംഗ് നടത്തിയതുമായ പ്ലാസ്റ്റിക് മാലിന്യം കയ്യൊഴിയാൻ സാധിക്കാത്ത സ്ഥിതിവിശേഷം പഞ്ചായത്തിലുണ്ട്. പരിമിതമായ വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിച്ച് മാത്രം മാലിന്യ സംസ്കരണം മുന്നോട്ട് കൊണ്ടുപോകാൻ ഗ്രാമപഞ്ചായത്തിന് സാധിക്കുകയില്ലായെന്നതിനാൽ പ്രവർത്തനത്തിലെ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിന് യൂസർ ഫീ പിരിച്ചെടുക്കേണ്ടത് അത്യാവശ്യമാണ്. യൂസർഫീ നൽകുന്നതിന് പൊതുജനങ്ങൾ വിമുഖത പ്രകടിപ്പിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾക്ക് യൂസർ ഫീ അടവാക്കിയതിന്റെ രസീത് ഹാജരാക്കാൻ കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. ആവശ്യമായ ബോധവൽക്കരണം നടത്തി പൊതുജനങ്ങളിൽ യൂസർഫീ പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതും സമ്പൂർണ്ണശുചിത്വ പഞ്ചായത്താക്കി ഗ്രാമപഞ്ചായത്തിനെ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണ സമിതി എന്നിവരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ട് നം. 201/19 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ എന്ന സ്പിൽ ഓവർ പദ്ധതി പ്രകാരം 400000/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെലവുരേഖകൾ, ഫയൽ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവുതുക 400000/- രൂപ ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു. (ട്രഷറി ബിൽ ബുക്ക് ലഭ്യമാക്കാത്തതിനാൽ ബിൽ നമ്പർ ചേർത്തിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 16/28.11.19)

# 1-22 വൃദ്ധർക്ക് കട്ടിൽ വിതരണം-ക്വാട്ട് ചെയ്ത നിരക്കിനോടൊപ്പം ജി.എസ്.ടി. കൂടി നൽകി.അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതി നം. 30/19, 34/19 എന്നീ പദ്ധതികളിലായി വൃദ്ധർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചതു പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ രാജധാനി ഏജൻസീസ് ചേർപ്പുളശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും ആഞ്ഞിലി മരത്തിൽ നിർമ്മിച്ച കട്ടിലുകൾ വാങ്ങിയതിന് 2018-19 സാമ്പത്തിക വർഷത്തിൽ ജനറൽ വിഭാഗത്തിൽ 244 എണ്ണത്തിന് 8,46,198/- രൂപയും എസ്.സി വിഭാഗത്തിൽ 56 എണ്ണത്തിന് 1,38,507/- രൂപയും കൂടി ആകെ 984705 രൂപ നൽകി.

കട്ടിലുകൾ വിതരണം ചെയ്യുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചതിൽ ടാബുലേഷൻ പത്രിക പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ 2939/- രൂപയുടെ ടെണ്ടർ 24.11.18 ലെ 3(1) തീരുമാന പ്രകാരം അംഗീകരിക്കുകയുണ്ടായി. എന്നാൽ ടെണ്ടറിൽ രേഖപ്പെടുത്തിയത് അടിസ്ഥാന നിരക്കുകളായതിനാൽ (Basic rate) 2939 +18% ടാക്സ് രേഖപ്പെടുത്തിയ സ്ഥാപനം സമർപ്പിച്ച ബില്ലുകൾ പ്രകാരം ടാക്സ് ഉൾപ്പെടെ ഒരു കട്ടിലിന് 3468/- രൂപ കണക്കാക്കി തുക നൽകുകയാണുണ്ടായത്. യഥാർത്ഥത്തിൽ ടെണ്ടറുകൾ സമർപ്പിക്കുമ്പോൾ ടാക്സുൾപ്പെടെയുള്ള നിരക്കുകളാണ് രേഖപ്പെടുത്തേണ്ടിയിരുന്നത്. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾക്ക് ടാക്സ് ഉൾപ്പെടെയുള്ള നിരക്കുകൾ രേഖപ്പെടുത്താൻ സാധിച്ചിട്ടില്ലെന്നും മുൻവർഷത്തിൽ വിതരണം ചെയ്ത തുകയേക്കാൾ കുറഞ്ഞ നിരക്കിലാണ് ഇ-ടെണ്ടർ മുഖേന കട്ടിലുകൾ വാങ്ങിയിട്ടുള്ളത് എന്നതിനാലും വാങ്ങൽ നടപടികൾക്ക് ഭരണസമിതി അംഗീകാരം നൽകിയതായി കാണുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. വിതരണം ചെയ്ത കട്ടിലുകളുടെ എണ്ണം സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-23 അങ്കണവാടികൾക്ക് ചുമർ ചിത്രം വരയ്ക്കൽ- വാല്യുവേഷൻ ലഭ്യമാക്കണം.

അങ്കണവാടികളിൽ ചുമർ ചിത്രം വരയ്ക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്റ്റ് നം. 131/19 പ്രകാരം 2ലക്ഷം രൂപയും 200/19 സ്പിൽ ഓവർ പദ്ധതി പ്രകാരം 171040/- രൂപയും അടക്കം ആകെ 18 അംഗൻവാടികളിൽ ചുമർ ചിത്രം വരച്ചതിന് ബിനലാൽ എന്നയാൾക്ക് 371040/- രൂപ നൽകിയിട്ടുണ്ട്. അംഗൻവാടികളിൽ ചിത്രം വരയ്ക്കുന്നതിന് സ്പിൽ ഓവർ പ്രോജക്ടിൽ ചതുരശ്ര അടിക്ക് 40/- രൂപ നിരക്കിലും പുതിയ പ്രോജക്ടിൽ ചതുരശ്ര അടിക്ക് 45/- രൂപ നിരക്കിലും ശ്രീ ബിനലാൽ സമർപ്പിച്ച ബിൽ പ്രകാരമാണ് മേൽ പ്രകാരം തുക നൽകിയിട്ടുള്ളത്. എന്നാൽ പ്രവൃത്തിയിൽ കരാറുകാരൻ രേഖപ്പെടുത്തിയ അളവുകൾ വാല്യുവേഷൻ നടത്തിയിട്ടില്ല. മാത്രമല്ല കരാറുകാരനിൽ നിന്നും ആദായ നികുതിയിനത്തിൽ ഈടാക്കേണ്ട 1% തുക ഈടാക്കിയിട്ടില്ല. ആയതിനാൽ നടത്തിയ പ്രവൃത്തിയുടെ വാല്യുവേഷൻ എടുത്ത് അധിക തുക നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതും നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-24 വയോജന സംഗമം - ചെലവുരേഖകൾ ഹാജരാക്കിയില്ല, ചെലവു തുക 74905/- രൂപ

## തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം. 197/19 പ്രകാരം വയോജന സംഗമം സ്പിൽ ഓവർ പദ്ധതി നടപ്പാക്കിയതിന് 74905/- രൂപ ചെലവഴിച്ചതായി സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തി കാണുന്നു. ഇത് സംബന്ധിച്ച് ഹാജരാക്കിയ ഫയലിൽ ബിൽ നം. 3/18-19/28.8.18 പ്രകാരം ലഞ്ച് ഹട്ട് എന്ന സ്ഥാപനത്തിൽ നിന്നും ഭക്ഷണം വാങ്ങിയതിന്റെ തിയതി രേഖപ്പെടുത്താത്ത ബിൽ മാത്രമാണ് ഉണ്ടായിരുന്നത്. മറ്റ് ചെലവ് രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 108-ാം നമ്പർ അങ്കണവാടി സ്മാർട്ടാക്കൽ രേഖകൾ മുഴുവനായി ലഭ്യമാക്കിയില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ സ്പിൽ ഓവർ പ്രോജക്റ്റ് നം. 199/19 പ്രകാരം 108-ാം നമ്പർ അങ്കണവാടി സ്മാർട്ടാക്കൽ പദ്ധതി പ്രകാരം കംപ്യൂട്ടർ, എൽ.ഇ.ഡി പ്രോജക്റ്റർ, എയർ കണ്ടീഷണർ, ഫാൻ, ഫർണീച്ചറുകൾ എന്നിങ്ങനെ വിവിധ ഇനം സാധനങ്ങൾ വാങ്ങിയതിന് ബിൽ നം. 2/18-19 /28.5.18 പ്രകാരം 152471/- രൂപ വീക്കോ ട്രേഡിംഗ് അരിമ്പൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ ടെണ്ടർ ക്ഷണിച്ചതിന്റെ വിവരങ്ങൾ, ടെണ്ടറുകൾക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റി, ജനറൽകമ്മിറ്റി എന്നിവ അംഗീകാരം നൽകിയതിന്റെ വിവരങ്ങൾ, സ്റ്റോക്ക് രജിസ്റ്റർ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-26 എസ്.എസ്.എ.യ്ക്ക് അധികം നൽകിയ തുക ഭാവിയിൽ ക്രമീകരിക്കാൻ നടപടി സ്വീകരിക്കണം.

ഹെഡ്മിസ്ട്രസ് നടപ്പാക്കിയ എസ്.എസ്.എ പദ്ധതി നം.18/19 ജനറൽ, നം. 19/19 എസ്.സി.എന്നിവ പ്രകാരം ആകെ 14,48,960/- രൂപ നൽകിയിട്ടുണ്ട്. എസ്.എസ്.എ.പ്രോജക്റ്റ് കോ-ഓർഡിനേറ്റർ നൽകിയ 18-19 ലെ ചെലവ് പത്രിക പ്രകാരം 30,95,240/- രൂപയാണ് സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുള്ളത്. ആയതിന്റെ 40% തുകയായ 12,38,096/- രൂപ മാത്രമേ ഗ്രാമപഞ്ചായത്ത് വിഹിതമായി എസ്.എസ്.എയ്ക്ക് നൽകേണ്ടതുള്ളൂ. എന്നാൽ 2,10,864/- രൂപ അധികമായി നൽകിയിട്ടുണ്ട്. ഈ തുക വരും വർഷങ്ങളിലെ എസ്.എസ്.എ വിഹിതത്തിൽ കുറവു ചെയ്യേണ്ടതാണ്.

## 1-27 തുല്യതാ പരീക്ഷ-തുടർ നിരീക്ഷണം ഉറപ്പാക്കണം.

ഹെഡ് മിസ്ട്രസ് നടപ്പാക്കിയ പ്രോജക്റ്റ് നം. 16/19 പ്രകാരം 10ാം ക്ലാസ്, +1, +2 തുല്യത നേടുന്നതിന് ഗുണഭോക്താക്കളുടെ പരീക്ഷാ ഫീസിനത്തിൽ ബിൽ നം.14, 15, 19, 20 തീ.19.03.19 പ്രകാരം ആകെ 65804/- രൂപ സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ അഡ്മിഷൻ ടിക്കറ്റിന്റെ പകർപ്പ് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ അറ്റൻഡൻസ്, തുല്യതാ പരീക്ഷ പാസ്സായതിന്റെ സർട്ടിഫിക്കറ്റുകൾ എന്നിവ ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. ഇക്കാര്യത്തിൽ തുടർ നിരീക്ഷണം ഉറപ്പു വരുത്തേണ്ടതും മുഴുവൻ ഗുണഭോക്താക്കളും തുല്യത നേടിയെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഹെഡ്മിസ്ട്രസ് നടപ്പാക്കിയ ഭൂരിഭാഗം പദ്ധതികളിലും മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചുകാണുന്നില്ല. ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 ആശ്രയ പദ്ധതി - ഭവന പുനരുദ്ധാരണം - പണി പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ –അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റ് നം. –94/19

ബിൽ നം./ തീ. - 24/14.02.19, തുക –25000/-

ഭവന പുനരുദ്ധാരണം പദ്ധതി പ്രകാരം ഗുണഭോക്താവിന് 50000/- രൂപയാണ് ധനസഹായമായി നൽകുന്നത്. ആശ്രയ പദ്ധതി പ്രകാരം തൻവർഷം അഡ്വാൻസായി 25000/- രൂപ മഞ്ജുള.കെ.കെ., D/o കുമാരൻ, കാട്ടിൽ വീട് എന്ന ഗുണഭോക്താവിന് നൽകിയിട്ടുണ്ട്. എന്നാൽ പണി പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയിട്ടില്ല. പണി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-29 വിനിയോഗ വിവരം ലഭ്യമല്ല.

സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും തുക കൈമാറിയിട്ടുണ്ട്. കൈമാറിയ തുകയ്ക്കുള്ള വിനിയോഗ വിവരമോ മറ്റ് ചെലവ് രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി നം./ പദ്ധതിയുടെ പേര് | ബിൽ നം./വൗച്ചർ നം./ തീയതി /തുക | തുക കൈമാറിയ സ്ഥാപനം | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|
| 1 | വിജ്ഞാൻ സാഗർ പഞ്ചായത്ത് വിഹിതം - 101/19 | 05/31.05.18 100000/- | വിജ്ഞാൻ സാഗർ സയൻസ് & ടെക്നോളജി പാർക്ക് | രശീത്, പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 2 | ഇൻഫർമേഷൻ കേരള മിഷൻ- 01/19 | 07/31.05.18 -116835/- | ഐ.കെ.എം.എക്സിക്യൂട്ടീവ് ഡയറക്ടർ. | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. |
| 3 | സുശാന്തം-49/19 | 2220874/28.05.18- 50000/- | ജില്ലാപഞ്ചായത്ത് | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. |
| 4 | സ്ട്രീറ്റ് മെയിൻ വലിക്കൽ - 44/19 | 29/26.11.18 3198*** | അസിസ്റ്റന്റ് എഞ്ചിനീയർ, KSEB കൊടുങ്ങല്ലൂർ സെക്ഷൻ | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. |
| | | 27/19.11.18/ 375016 | ,, | ,, |
| | | 38/08.12.18/ 1280 | ,, | ,, |
| | | 47/27.12.18/ 1174891 | അസിസ്റ്റന്റ് എഞ്ചിനീയർ,KSEB ,മതിലകം സെക്ഷൻ | ,, |
| | | 62/11.03.19/ 23289 | അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, എറിയാട് സെക്ഷൻ | ,, |
| | | 1318115/28.02.19/28197 | അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, എറിയാട് സെക്ഷൻ | ,, |
| | | 1318117/28.02.19/81631 | അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, മതിലകം സെക്ഷൻ | ,, |
| | | 1318118/28.02.19 /90000 | അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, മതിലകം സെക്ഷൻ | ,, |
| 5 | പഞ്ചായത്ത് ഓഫീസിൽ നെറ്റ് വർക്കിങ്ങ്/262/19 | 64/11.03.19/ 144000/- | PWD, Electrical Division, CHEMBUKAVU | ,, |
| 6 | വിവിധ | 23/30.10.18/41925 | അസിസ്റ്റന്റ് എഞ്ചിനീയർ, | ,, |

| | | | | |
|---|---|---|---|---|
| | റോഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ/41/19 | | KSEB, മതിലകം സെക്ഷൻ | |
| | | 69/20.03.19/ 61880 | അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, മതിലകം സെക്ഷൻ | " |
| | | 1354523/19.03.19/ 42817 | അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, മതിലകം സെക്ഷൻ | " |
| 7 | കൊട്ടേക്കാട്ട് ക്ഷേത്രത്തിന് മുൻവശം ലൈൻ ഉയർത്തൽ/102/19 | 06/31.05.18/ 12000/- | അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, മതിലകം സെക്ഷൻ | " |
| | | 63/11.03.19/ 590 | അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, മതിലകം സെക്ഷൻ | " |
| | | 2347549 | | |

വിനിയോഗവിവരം ഹാജരാക്കേണ്ടതാണ്. (*ക്രമ നം. 4-ലെ 29/26.11.18 തുക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.)

# 1-30 വനിത കാന്റീനിലേക്ക് ഫ്രിഡ്ജ്- ഉപയോഗപ്പെടുത്തേണ്ടതാണ്.

പ്രൊജക്റ്റ് നം. –45/19.

വകയിരുത്തിയ തുക - വികസന ഫണ്ട് –26254/-

തനത് ഫണ്ട് - 3746/-

ആകെ –30000/-

ബിൽ നം./ തീ./തുക –17/30.08.18, 24500/-

ക്വട്ടേഷൻ വിളിച്ചത് പ്രകാരം കമൽ ഏജൻസീസ് കൊടുങ്ങല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും വേൾപൂൾ 265 Lr.3star ഫ്രിഡ്ജ് 18-19 വർഷം വാങ്ങി കാന്റീനിലേക്ക് നൽകിയെങ്കിലും നിലവിൽ കാന്റീൻ പ്രവർത്തിക്കുന്നില്ല. ആയത് ഉപയോഗപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-31 മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്- അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ –സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

പ്രോജക്റ്റ് നം. –65/19

വകയിരുത്തിയ തുക –വികസന ഫണ്ട് -ജനറൽ -180000/-

ബിൽ നം./ തീ./ തുക –01/18-19, 11.03.19, 89991/-

\- 02/18-19, 11.03.19, 89991/-

\- ആകെ - 179982/-

മേൽ പ്രോജക്ടിന് ടെന്റർ വിളിച്ചത് പ്രകാരം ജെനിട്സ് ഐ.ടി .&എ.വി സിസ്റ്റംസ്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. IN/0212/18-19/15.01.19 പ്രകാരം 6 (acer -315-32 Model) ലാപ്ടോപ്പുകൾ 5 വർഷത്തെ

വാറണ്ടിയോടു കൂടി വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയിട്ടുണ്ട്.

മേൽ പദ്ധതി പ്രകാരം ലാപ്ടോപ്പ് നൽകിയ വിസ്മയ.എ.എസ്, അഞ്ചലശ്ശേരി എന്ന ഗുണഭോക്താവ് 2018-19 സാമ്പത്തിക വർഷം വിദ്യാർത്ഥിയായി ഉൾപ്പെടുത്താൻ സാധിക്കില്ല. ടി ഗുണഭോക്താവ് 2015 മുതൽ 2018 വരെ ഇരിങ്ങാലക്കട ക്രൈസ്റ്റ് കോളേജിൽ BSW ഡിഗ്രി കോഴ്സ് പഠിച്ചിരുന്നു എന്ന സാക്ഷ്യപത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. സർക്കാർ മാർഗ്ഗരേഖ (സ.ഉ.(കൈ) 22/18 LSGD/dt.14.02.18) പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്, എഞ്ചിനീയറിങ്ങ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് എന്നീ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പ് വാങ്ങി നൽകുവാൻ നിർദ്ദേശമുള്ളത്. എന്നാൽ നിലവിൽ വിദ്യാർത്ഥിയല്ലാത്ത ഗുണഭോക്താവിന് ലാപ്ടോപ്പ് വാങ്ങി നൽകിയത് മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ആയതിന് ഓഡിറ്റ് എൻക്വയറി (നം.07/26.11.19) നൽകിയെങ്കിലും 2017-18 വർഷത്തിലാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ തൻവർഷത്തെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിരിക്കുന്നത് 29.06.18 നാണ്. മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒരെണ്ണത്തിന്റെ വിലയായ 29997/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-32 പോത്തിൻകുട്ടി വളർത്തൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ

എ) പോത്തിൻകുട്ടി വളർത്തൽ (വനിത)-ജനറൽ

പ്രോജക്റ്റ് നം. –60/19

വകയിരുത്തിയ തുക -

വികസന ഫണ്ട് -630000/-

ഗുണഭോക്തൃവിഹിതം

സ്ഥാപനത്തിൽ

അടവാക്കുന്നത് -630000/-

ആകെ -1260000/-

ചെലവഴിച്ച തുക -

ബിൽ നം./തീ./തുക -02/24.02.18, 420000/

ചെക്ക് നം./തീ./ തുക -1318165/21.01.19 (577500), 420000/-

ആകെ – 840000/-

84 പോത്തിൻകുട്ടികൾക്ക് 840000/- രൂപയും 2019-20 വർഷത്തേക്ക് സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കുന്നതിന് ഗുണഭോക്തൃവിഹിതമിനത്തിൽ കളക്റ്റ് ചെയ്ത 210000/- രൂപയും കൂടി ആകെ 1050000/- രൂപ പോത്തിൻ കുട്ടികളെ വിതരണം നടത്തിയ സ്മിത സുഗുണൻ, കൊട്ടാരത്ത്, പനങ്ങാട് എന്ന വ്യക്തിക്ക് കൈമാറിയിട്ടുണ്ട്.

ബി) പോത്തിൻകുട്ടി വളർത്തൽ -എസ്.സി(New)

പ്രോജക്റ്റ് നം. –61/19

വകയിരുത്തിയ തുക -

വികസന ഫണ്ട് -(scp)-472500/-

ഗുണഭോക്തൃവിഹിതം -157500/-

ആകെ -630000/-

ചെലവഴിച്ച തുക-

ബിൽ നം./ തീ./തുക -03/24.12.18, 472500

ചെക്ക് നം./തീ. -1318165/21.01.19, തുക-157500

ആകെ -630000/-

തൻവർഷം 63 ഗുണഭോക്താക്കൾക്ക് വേണ്ടി (ഒരാൾക്ക് 7500/ രൂപ വീതം ) 472500/- രൂപയും ഗുണഭോക്തൃവിഹിതം 157500/ രൂപയും കൂടി ആകെ 630000/- രൂപ സ്മിത സുഗുണൻ, കൊട്ടാരത്ത്, പനങ്ങാടിന് കൈമാറിയിട്ടുണ്ട്.

സി) പോത്തിൻകുട്ടി വളർത്തൽ -എസ്.സി (വനിത)

പ്രോജക്റ്റ് നം. - 187/19

വകയിരുത്തിയ തുക -

വികസന ഫണ്ട് -420000/-

ഗുണഭോക്തൃവിഹിതം -87500/-

ആകെ -507500/-

ചെലവഴിച്ച തുക -

ബിൽ നം./ തീ./ തുക -01/08.06.18, 232500/-

2017-18 വർഷത്തെ സ്പിൽ ഓവർ പദ്ധതിയായി തൻവർഷം 31 ഗുണഭോക്താക്കൾക്ക് 7500/- രൂപ വീതം 232500/- രൂപ സ്മിത സുഗുണന് കൈമാറിയിട്ടുണ്ട് .

അപാകതകൾ -

1) പോത്തിൻ കുട്ടികളെ വിതരണം ചെയ്ത സ്മിത സുഗുണൻ മേൽ പ്രോജക്റ്റുകൾ പ്രകാരം പോത്തിൻകുട്ടികളെ വിതരണം ചെയ്തതിന് ഇൻവോയ്സ്, കൈപ്പറ്റ് രശീത് എന്നിവ ഹാജരാക്കിയിട്ടില്ല. അപേക്ഷയിൽ ഗുണഭോക്താവ് പോത്തിൻകുട്ടിയെ കൈപ്പറ്റിയതായി ഒപ്പ് രേഖപ്പെടുത്തിയത് മാത്രമാണ് തെളിവായി ഹാജരാക്കിയിട്ടുള്ളത്.

2) മേൽ പ്രോജക്റ്റുകൾ പ്രകാരം തൻവർഷം ആകെ 1912500/- രൂപ സ്മിത സുഗുണന് കൈമാറിയിട്ടുണ്ട്.

എന്നാൽ ടിയാനിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.

3) പോത്തിൻകുട്ടി വിതരണം എസ്.സി (new) പ്രോജക്റ്റ് പ്രകാരം പോത്തിൻകുട്ടിയെ വിതരണം ചെയ്ത (1) കുമാരി നാളിയാട്ട്, വെഴവന, (2)സുലോചന നെൽപ്പിന്നി, പനങ്ങാട് എന്നീ രണ്ട് ഗുണഭോക്താക്കൾ എസ്.സി യാണെന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

4) മേൽ മൂന്ന് പ്രോജക്റ്റിലെ 90% ഗുണഭോക്താക്കളും വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

# 1-33 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -എസ്.എൽ.ബി.പി യിൽ അവശേഷിക്കുന്ന തുക ക്രമീകരിക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 57/19

നിർവ്വഹണോദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ.

വകയിരുത്തിയ തുക -600000/- (വികസന ഫണ്ട്)

400000/- (ബ്ലോക്ക് വിഹിതം)

ആകെ -10,00,000/-

ചെലവഴിച്ച തുക:-

07/26.03.19 -237500/-

1318113/28.02.19 -50000/-

05/31.12.18 -362500/-

1666111/19.03.19-162500/-

ആകെ -812500/-

മേൽ പ്രകാരം തൻവർഷം 65കന്നുകുട്ടികളുടെ വിഹിതമായി 812500/-രൂപ തൃശ്ശൂർ,എസ്.എൽ.ബി.പി.ക്ക് കൈമാറിയിട്ടുണ്ട്. ക്ഷീരവ്യവസായ സൊസൈറ്റിയുടെ തീറ്റവിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതി ഇടക്ക് വെച്ച് ഉപേക്ഷിച്ചതായി കാണുന്നു.വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഉപയോഗപ്പെടുത്തിയ സബ്സിഡി | റിമാർക്സ് |
|---|---|---|---|
| 1 | വത്സല അപ്പുക്കുട്ടൻ പണിക്കാട്ടിൽ | 1845 | മൂന്ന് മാസം മാത്രം വാങ്ങി |
| 2 | സുജ മുല്ലശ്ശേരി, പി.വെമ്പല്ലൂർ | 615 | ഒരു മാസം മാത്രം വാങ്ങി |

ഒരു ഗുണഭോക്താവിന് 12500/- രൂപ വീതം പഞ്ചായത്ത് വിഹിതം എസ്.എൽ.ബി.പി യിൽ അടവാക്കിയിട്ടുണ്ട്. 25000/ രൂപയിൽ ആകെ 2460/- രൂപ മാത്രമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ഉപയോഗിക്കപ്പെടാതെ എസ്.എൽ.ബി.പി യിൽ അവശേഷിക്കുന്ന തുക ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-34 കാലിത്തൊഴുത്ത് നവീകരണം -രേഖകൾ മുഴുവൻ ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. 73/19

നിർവ്വഹണോദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ.

<u>വകയിരുത്തിയ തുക</u>

വികസന ഫണ്ട് -ജനറൽ-525000/-

ഗുണഭോക്തൃവിഹിതം -52500/-

ആകെ –1050000/-

ചെലവഴിച്ച തുക – 75000/-

മേൽ പ്രോജക്റ്റ് പ്രകാരം സുധൻ കാക്കര, ശ്രീനാരായണപുരം, സാജൻ പൂത്തോട്ട്, കോതപറമ്പ്, നിഷ സുനിൽ വാഴൂർ ഹൗസ്, പി.വെമ്പല്ലൂർ എന്നീ 3 ഗുണഭോക്താക്കൾക്ക് 25000/- രൂപ വീതം കൈമാറിയ്ട്ടുണ്ട്. പ്രോജക്റ്റിൽ ഗുണഭോക്താക്കൾ ക്ഷീരകർഷകരായിരിക്കണം, പരമ്പരാഗതമായി കാലിയെ വളർത്തുന്നവരായിരിക്കണം, 5 ലക്ഷത്തിൽ കുറവ് വാർഷിക വരുമാനമുള്ളവരായിരിക്കണം എന്ന് നിഷ്കർകർഷിക്കുന്നു. എന്നാൽ ഓവർസിയറുടെ വാല്യൂവേഷൻ, ആധാർ കാർഡ് എന്നിവ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് തന്നെ മുഴുവൻ രേഖകളും വാങ്ങി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-35 ലൈബ്രറിസെസ്സ് -കൈപ്പറ്റ് രശീതി

# ലഭ്യമാക്കിയിട്ടില്ല

വൗച്ചർ നം.21800951/15/12/18 പ്രകാരം 314364/- രൂപ ലൈബ്രറി സെസ്സ് അടവാക്കിയിട്ടുണ്ട്. ആയതിന്റെ ഔദ്യോഗിക കൈപ്പറ്റ് രശീതി നാളിതുവരെ ലഭ്യമാക്കിയിട്ടില്ലെന്ന് 8/26.11.19 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഔദ്യോഗിക രശീതി എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്.

# 1-36 അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ -പദ്ധതിപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്ത് മിനിറ്റ്സ് പരിശോധിച്ചപ്പോൾ 120-ാം നമ്പർ അങ്കണവാടി ജീർണാവസ്ഥയിലാണെന്നും 121-ാം നമ്പർ അങ്കണവാടി ഫിറ്റ് അല്ലെന്നും രേഖപ്പെടുത്തിക്കണ്ടു. 140-ാം നമ്പർ അങ്കണവാടിയുടെ ദുരവസ്ഥ പരിഹരിക്കണമെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ സൂചിപ്പിച്ചതായും കണ്ടു. പ്രസ്തുത അങ്കണവാടികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ 2019-20 വർഷം പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുള്ളതായി 7/26.11.19 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രവർത്തനങ്ങൾ എത്രയും വേഗം ത്വരിതപ്പെടുത്തേണ്ടതാണ്.

# 1-37 അങ്കണവാടികളുടെ ഭൗതിക അപാകതകൾ പരിഹരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ അസി.എൻജിനീയർ ആര്യ.കെ.വേണു എന്നവരുടെ സാന്നിദ്ധ്യത്തിൽ അങ്കണവാടികളിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. അങ്കണവാടി നം. 108

വളരെ ഭംഗിയായ സജ്ജീകരണങ്ങളുള്ള ഈ അങ്കണവാടിയിൽ ജനൽ അടക്കാൻ പറ്റാത്ത നിലയിലാണ്. ചുറ്റുമതിലിന്റെ കരിങ്കൽ ഫൗണ്ടേഷനിൽ ദ്വാരങ്ങളുള്ളതും കണ്ടു. ക്ഷുദ്രജീവികളുടെ കടന്നുകയറ്റം ഒഴിവാക്കുവാനായി ഇത് പരിഹരിക്കാമെന്ന് സ്ഥലപരിശോധനാ റിപ്പോർട്ടിനുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

2. അങ്കണവാടി നം.110

ഈ കെട്ടിടത്തിന്റെ മുകളിൽ അറ്റകുറ്റപ്പണി നടന്നുവരികയാണ്. (സബ് സെന്ററിന്റെ പ്ളാസ്റ്ററിങ്, മേൽക്കൂര മാറ്റൽ). അങ്കണവാടികെട്ടിടത്തിന്റെ പിൻവശത്തുകൂടിയുള്ള ട്രസ്സ് വർക്കിന്റെ പണി നടക്കുന്നതിനാൽ ട്രസ്സ് വർക്കിൽ ദ്വാരങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. അങ്കണവാടിയുടെ മുൻവശത്ത് വാതിൽ ഇല്ലാത്തത്, ടോയ്‌ലറ്റിലെ ചിതൽശല്യം ചുറ്റുമതിലിലെ കരിങ്കൽ ഫൗണ്ടേഷനിലെ ദ്വാരങ്ങൾ എന്നീ അപര്യാപ്തതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

# 1-38 ജി.എൽ.പി.സ്കൂൾ -അപര്യാപ്തതകൾ പരിഹരിക്കേണ്ടതാണ്

റിവേഴ്സ് എൽ ഷേപ്പ് ആകൃതിയിലുള്ള ഈ കെട്ടിടത്തിന്റെ കിഴക്കുഭാഗത്തുള്ള മേൽക്കൂരയിൽ അറ്റകുറ്റപ്പണി നടത്തിയതിന് സാമ്പത്തികവർഷം തുക ചെലവഴിച്ചിട്ടുണ്ട്. സ്ഥലപരിശോധനാസമയത്ത് വടക്കുഭാഗത്തുള്ള കെട്ടിടത്തിന്റെ മേൽക്കൂര തൂങ്ങിനിൽക്കുന്നതായും പിൻഭാഗത്തുള്ള ഓട് പൊട്ടി കെട്ടിടത്തിന്റെ തൂണിലൂടെ വെള്ളം ഒലിച്ചിറങ്ങിയതിന്റെ അടയാളവും കണ്ടു. കെട്ടിടത്തിലെ ഗ്രില്ലുകൾ സ്ലൈഡിങ് ഗ്ളാസ്സ് ഉപയോഗിച്ച്

അടക്കുവാനുള്ള സൗകര്യങ്ങളും വീഴാറായി നിൽക്കുന്ന ചുറ്റുമതിൽ ഭാഗങ്ങൾ ശരിയാക്കണമെന്നും വിറകുപുരയുടെ തറ കോൺക്രീറ്റ് ചെയ്ത് ഭിത്തി പ്ലാസ്റ്ററിങ് നടത്തേണ്ടതുണ്ടെന്നും പ്രധാനാധ്യാപിക ചൂണ്ടിക്കാട്ടി.

മേൽപറഞ്ഞ കാര്യങ്ങൾ പരിഹരിക്കുന്നതിന് അടിയന്തിരശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-39 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം

സാമ്പത്തികവർഷത്തെ സ്പിൽ ഓവർ അടക്കമുള്ള 96 പ്രൊജക്റ്റുകളിൽ 76 പ്രൊജക്റ്റുകൾക്കും തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. (79.17%).41797563/- രൂപയുടെ അടങ്കൽ ആവിഷ്കരിച്ചതിൽ 28303020/- രൂപ ചെലവഴിച്ചിട്ടുണ്ട് (67.71%). ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് ഇക്കാര്യത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ട്.

## 1-40 ശംഖുകുളങ്ങര താമരക്കുളം റോഡ് റീടാറിങ് -ആവിഷ്കരിച്ചതുപോലെ നടപ്പാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ ആസ്തിരജിസ്റ്റർ പ്രകാരം 1325 മീറ്റർ നീളമുള്ള ഈ റോഡ് ദേശീയപാതയിൽ ആരംഭിച്ച് താമരക്കുളം റോഡിൽ അവസാനിക്കുന്നു.സാമ്പത്തികവർഷം എട്ട് ലക്ഷം രൂപ അടങ്കലിൽ ദേശീയപാതയിൽനിന്ന് തുടങ്ങി 975 മീറ്റർ റോഡ് റീടാറിങ് നടത്തുവാൻ പ്രൊജക്റ്റ് നം.113/19 പ്രകാരം പദ്ധതി ആവിഷ്കരിച്ചിരുന്നു.

എന്നാൽ കൂടുതൽ വെള്ളക്കെട്ടുള്ള ഭാഗത്ത് ടൈൽ പതിപ്പിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തി അടങ്കൽ പരിഷ്കരിച്ച് സാങ്കേതിക അനുമതി ലഭ്യമാക്കിയത് പ്രകാരം പ്രവൃത്തി നടപ്പാക്കിയപ്പോൾ ദേശീയപാതയിൽ നിന്ന് റീടാറിങ് പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞില്ല. ഇതുകാരണം ഈ ഭാഗത്തുള്ള മുന്നൂറ് മീറ്റർ റോഡിന്റെ ആരംഭ ഭാഗത്തും പലയിടങ്ങളിലുമായി കുണ്ടും, കുഴിയുമായി അവശേഷിക്കുകയാണ്. അടങ്കൽ തയ്യാറാക്കുന്ന വേളയിൽ ശരിയാംവിധം സ്ഥലപരിശോധന നടത്തി അടങ്കൽ വിഭാവനം നടത്തിയിരുന്നുവെങ്കിൽ മതിയായ ഫണ്ട് വകയിരുത്തി മുഴുവൻ ഗുണഭോക്താക്കൾക്കും പ്രയോജനപ്പെടും വിധം പദ്ധതി നടപ്പിലാക്കുവാൻ കഴിയുമായിരുന്നു.

## 1-41 തൊഴിലുറപ്പ് പദ്ധതി - പൊതുവിവരങ്ങൾ

സാമ്പത്തികവർഷം പലിശയടക്കം വരവുവന്ന 31124803/- രൂപയിൽ 31091807/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ രണ്ടരക്കോടിയിലേറെ രൂപയും ചെലവഴിച്ചിട്ടുള്ളത് നീർത്തടവികസനപദ്ധതികൾക്ക് വേണ്ടിയാണ്. ജലസംരക്ഷണം, മാലിന്യനിർമ്മാർജ്ജനം, മണ്ണിന്റെ ഫലപുഷ്ടി വർധിപ്പിക്കൽ എന്നിവക്ക് ഉതകുന്ന ഈ പ്രവൃത്തികൾ അതിനാൽതന്നെ ആരോഗ്യകാർഷികമേഖലകളിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്ന പദ്ധതിയാണ്. അതുപോലെ കുളനിർമ്മാണവും ജലം സംരക്ഷിക്കാനുതകുന്നതും കാർഷികമേഖലയിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്ന പദ്ധതിയാണ്. അഞ്ചു റോഡുകളുടെ നിർമ്മാണത്തിനും, രണ്ട് തൊഴുത്തുകൾ നിർമ്മിക്കുന്നതിനും തുക ചെലവഴിച്ചിട്ടുണ്ട്. മെറ്റീരിയൽ പ്രവൃത്തികൾക്ക് വിദഗ്ധ തൊഴിലാളികളെ ആവശ്യമുള്ളതിനാൽ അവിദഗ്ധ തൊഴിലാളികളെ ഇത്തരം തൊഴിലാളികളായി വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞാൽ അത് പദ്ധതിയുടെ വളരെ ശ്രദ്ധേയമായ നേട്ടമായി എടുത്തുകാട്ടാൻ കഴിയുന്നതാണ്. 1716 കുടുംബങ്ങൾക്ക് തൊഴിൽ നൽകാൻ കഴിഞ്ഞതും ശ്രദ്ധേയമാണ്. പരമാവധി കുടുംബങ്ങൾ നൂറ് ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിൽ പ്രത്യകശ്രദ്ധ പുലർത്തേണ്ടതുമാണ്. ഭവനനിർമ്മാണത്തിന് ഇരുപത്തിഏഴ് ലക്ഷത്തിലേറെ തുക ചെലവഴിക്കാൻ കഴിഞ്ഞതും, ഒന്നരലക്ഷത്തിലേറെ തുക കുളനിർമ്മാണത്തിന് ചെലവഴിച്ചതും ഏഴരലക്ഷത്തിലേറെ തുക അംഗൻവാടി നിർമ്മാണത്തിന് ചെലവഴിച്ചതും എടുത്തുപറയേണ്ടതാണ്.

മുഴുവൻ കുടുംബങ്ങൾക്കും നൂറ് ദിവസത്തെ തൊഴിൽ നൽകാനും മെറ്റീരിയൽ പ്രവൃത്തികൾ ഉപയോഗിച്ച് ഈടുറ്റ ആസ്തികൾ സൃഷ്ടിക്കുന്ന കൂടുതൽ പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനും വരും വർഷങ്ങളിൽ കൂടുതൽ ശ്രമിക്കേണ്ടതാണ്.

## 1-42 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-റോഡ് പ്രവൃത്തികളിലെ അപാകതകൾ

ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടത്തിയ റോഡ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചപ്പോൾ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിലുണ്ടായ ശ്രദ്ധക്കുറവ്, ഡി.എസ്.ആർ, എൻ.ആർ.ജി.എസ് നിരക്കുകളിൽ ക്വാറി മക്ക് ഫില്ലിങ് എന്ന ഇനത്തിലുള്ള ഗണ്യമായ അന്തരം, കരാറുകാരൻ കുറഞ്ഞ നിരക്കിൽ ക്വാറി മക്ക് സപ്ളൈ ചെയ്തിട്ടുപോലും പ്രവൃത്തിമൂല്യത്തിൽ ആനുപാതികമായ കുറവ് വരുത്താത്തത്, ചെയ്ത അളവിനേക്കാൾ കൂടുതൽ ക്വാറി മക്ക് വിതരണത്തിന് തുക നൽകിയത് എന്നിവ ശ്രദ്ധയിൽപ്പെട്ടു. വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിലുണ്ടായ ശ്രദ്ധക്കുറവ്

സാമ്പത്തികവർഷം ഒരു റോഡ് കോൺക്രീറ്റ് ചെയ്യുകയും നാലു റോഡുകളിൽ ടൈൽ വിരിക്കലും നടത്തിയിട്ടുണ്ട് ഇതിൽ നാലു പ്രവൃത്തികളുടെ കാര്യത്തിലും ഗുണനിലവാരം ഉറപ്പുവരുത്തുന്ന കാര്യത്തിൽ ശ്രദ്ധക്കുറവ് ഉണ്ടായിട്ടുണ്ട്.

എ. മരാമത്തുനിരക്കുകളിലെ ഡാറ്റാ ഇനം 4.1.3. അനുസരിച്ച് 1:2:4 അനുപാതത്തിൽ ഫോം വർക്ക് ഇല്ലാതെ കോൺക്രീറ്റ് ചെയ്യുന്നതിന് ഘനമീറ്ററിന് 320 കി.ഗ്രാം സിമന്റ് ആവശ്യമാണ്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ ആവശ്യത്തിലും കുറഞ്ഞ അളവിലാണ് സിമന്റ് ഉപയോഗിച്ചിട്ടുള്ളത്.(കരാറുകാരൻ ബിൽ പ്രകാരം വിതരണം നടത്തിയ സിമന്റിന്റെ അളവിനും നിരക്കിനും അനുസൃതമായിട്ടാണ് തുക അനുവദിച്ചിട്ടുള്ളത്. അനുവദിച്ച തുകയുടെ വിവരം ബന്ധപ്പെട്ട അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. -കരാറുകാരൻ ശ്രീ.സി.വി.സിദ്ധാർഥൻ)

| ക്രമ നം | പണിയുടെ പേര് | അളവുപുസ്തകം | ചെയ്ത അളവ് | ആവശ്യമായ സിമന്റിന്റെ അളവ് | കരാറുകാരന് നൽകിയ തുക | സപ്ളൈ ചെയ്ത സിമന്റിന്റെ തൂക്കം | കുറവ് ഉപയോഗിച്ച സിമന്റിന്റെ തൂക്കം, ഉപയോഗിച്ച സിമന്റിന്റെ ശതമാനം |
|---|---|---|---|---|---|---|---|
| 1 | വാർഡ് 20 പി.വെമ്പല്ലൂർ റോഡ് നിർമ്മാണം | 267/MGNREGUP /18-19 | 100X1.55X0.15 =23,25M3 | 23.25X320 =7440 കി.ഗ്രാം | 67ബാഗ് 20ബാഗ്x365=7300 47ബാഗ്x398.51=18730 ആകെ=26030 രൂപ | 67X50 =3350Kgm | 4090Kg 45.07% |
| 2 | ഗോതുരുത്ത് കിഴക്കേയറ്റം ഗ്രാമീണ റോഡ് നിർമ്മാണം | 230/MGNREGSUP/18-19 | 70X20X0.15 =2.1M3 | 2.1X320 =672Kgm | 6ബാഗ് 6x364.75=2189രൂപ | 6X50 =300Kgm | 372Kg, 44.64% |
| 3 | നാഗയക്ഷി ക്ഷേത്രം പരിസരം റോഡ് നിർമ്മാണം (ടൈൽ വിരിക്കൽ) | 226/MGNREGSUP | 50X0,20X0.2 =2m3 | 2X320 =640Kgm | 10ബാഗ് 10x360=3600രൂപ | 10X50 =500Kgm | 140Kg 78.16% |
| 4 | 10ാം വാർഡിൽ ഗ്രാമീണ റോഡ് അടിസ്ഥാന സൗകര്യം (ടൈൽ വിരിക്കൽ) | 229/MGNREGSUP/18-19 | 50X0.20X0.15 =1.5m3 | 1.5X320 =480Kgm | 6ബാഗ് 6x364.75=2189രൂപ | 6X50 =300Kgm | 62.5% 180 kg 62.25% |

മേൽപറഞ്ഞ പ്രവൃത്തികളിൽ 1:2:4 അനുപാതത്തിൽ കോൺക്രീറ്റിങിന് ആവശ്യമായ അളവിലും കുറഞ്ഞ നിരക്കിൽ സിമന്റ് ഉപയോഗിച്ചത് ഗുണനിലവാരം യഥാവിധി ഉറപ്പുവരുത്താതെയാണ് പ്രസ്തുത പ്രവൃത്തികൾ നിർവഹിച്ചത്

എന്ന് സൂചിപ്പിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ഭാവിയിൽ ഇത്തരം പ്രവൃത്തികൾ ചെയ്യുമ്പോൾ ഗുണനിലവാരം ഉറപ്പുവരുത്തുന്നതാണെന്ന മറുപടി സ്വാഗതാർഹമാണ്.

ബി. ക്വാറിമക്ക്/ലോക്കൽ മെറ്റീരിയൽ ഫില്ലിങ് -ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റും എൻ.ആർ.ഇ.ജി.എസ് റേറ്റും തമ്മിൽ ഗണ്യമായ അന്തരം

ഗ്രാമപഞ്ചായത്തിലെ അസി.എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടത്തിയ പണികളിൽ മേൽപറഞ്ഞ ഇനത്തിന് (ഡാറ്റ ഇനം-51.2.3) നിരക്ക് 891.95/m3ആണ്. ഇവിടെ ഈ സാധനത്തിന്റെ വില തൃശ്ശൂർ ജില്ലക്ക് ബാധകമായ കോസ്റ്റ് 37.25% അടക്കം 750 രൂപയാണ്. അതേ സമയം തൊഴിലുറപ്പ് പദ്ധതിയിൽ ഇതേ ഡാറ്റ പ്രകാരം ഈ ഇനത്തിനുള്ള നിരക്ക് 1262.79 രൂപയാണ്. നിരക്കുകൾ തമ്മിലുള്ള അന്തരം 41.58%. എൻ.ആർ.ഇ.ജി.എസ് ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം സാധനത്തിന്റെ വില 1250/m3 ആണ്. മറ്റ് കൂലിച്ചെലവുകൾ 12.79 രൂപയുമാണ്. സാധനവിലയുടെ കാര്യത്തിൽ മൂന്നിൽ രണ്ട് (66.67%) വർധന. നിരക്കുകൾ തമ്മിലെ ഗണ്യമായ അന്തരം കരാറുകാരന് ഗണ്യമായ ലാഭം ഉണ്ടാക്കുന്നതാണ്.

ഇവിടെ സാധനങ്ങൾ സപ്ളൈ ചെയ്ത കരാറുകാരൻ ശ്രീ.സി.വി.സിദ്ധാർഥന്റെ ഘനമീറ്ററിന് 935/- രൂപയാണ് അംഗീകരിച്ചത്. കരാറുകാരൻ എൻ.ആർ.ഇ.ജി.എസ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്തിട്ടും പ്രവൃത്തിമൂല്യം കണക്കാക്കിയപ്പോൾ ഒരു പ്രവൃത്തിയിലൊഴികെ ആനുപാതികമായ കുറവ് വരുത്താതെയാണ് ബിൽ തയ്യാറാക്കിയിട്ടുള്ളത്. 12.79 രൂപ കൂലിച്ചെലവടക്കം 947.79 രൂപ വെച്ച് പ്രവൃത്തിമൂല്യം കണക്കാക്കേണ്ടതായിരുന്നുവെങ്കിലും 1262.79 രൂപ വെച്ച് പ്രവൃത്തിമൂല്യം കണക്കാക്കിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | മൂല്യനിർണയം നടത്തിയത് | മൂല്യനിർണയം നടത്തേണ്ടത് | വ്യത്യാസം |
|---|---|---|---|---|
| 1 | പി.വെമ്പല്ലൂർ ഗ്രാമീണറോഡ് നിർമ്മാണം | 23.25X1262.79=29359.87 | 23.25X947.79=22036.12 | 7324 |
| 2 | പത്താം വാർഡിൽ ഗോതുരുത്ത് കിഴക്കേറോഡ് നിർമാണം | 17.10X1262.79=21593.7 | 17.10X947.79=16207.21 | 5387 |
| 3 | പതിനൊന്നാം വാർഡ്,അംബേദ്കർ സെക്കന്റ് കോളനി ബാക്കിഭാഗം ടൈൽ പതിക്കൽ | 11.325X1262.79=14301.10 | 11.325X947.79=10733.72 | 3567 |
| 4 | പത്താം വാർഡിൽ ഗ്രാമീണറോഡ് ടൈൽ പതിക്കൽ | 18X1262.79=22730.22 | 18X947.79=17060.22 | 5670 |

3. സപ്ളൈ ചെയ്ത അളവിനേക്കാൾ കൂടുതൽ തുക കരാറുകാരന് നൽകി

പി.വെമ്പല്ലൂർ ഗ്രാമീണറോഡ് കോൺക്രീറ്റിങിന് ക്വാറി മക്ക് ലോക്കൽ മെറ്റീരിയൽ സപ്ളൈ ചെയ്ത കരാറുകാരൻ (ഇനം 2) 23.25$m^3$ ആണ് പ്രസ്തുത സാധനം വിതരണം നടത്തിയത്. ഇതിനായി നൽകേണ്ട തുക 21739/- (23.25X935) രൂപയാണ്. എന്നാൽ 31250/- രൂപയാണ് കരാറുകാരന് നൽകിയത്. ഇക്കാര്യം അളവുപുസ്തകം 267/MGNREGSUP യിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ഓഡിറ്റ് എൻക്വയറിയിൽ സൂചിപ്പിച്ചതിനെതുടർന്ന് കൂടുതൽ നൽകിയ തുക കരാറുകാരനിൽനിന്ന് ഈടാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

## 1-43 ടെണ്ടർ ശതമാനം കുറവ് ബില്ലിൽ കുറവ് ചെയ്തില്ല- കരാറുകാരന് അധികം നൽകി

പ്രോജക്ടിന്റെ പേര് -മയ്യത്തുംകര ടcകോളനി റോഡ് റീടാറിംഗ്.

പ്രോജക്ട് നം. -S0109/18.

കരാർ തീയതി - 23/17-18.dtd.6.3.18.

കരാറുകാരൻ -സന്ദീപ്.എം.പി.

അളവ് പുസതകം നമ്പർ - 106/17 -18.

ട്രഷറി ബിൽ നം 2/2018 19, dtd.22.5.18, തുക - 221885/-

ആകെ പ്രവൃത്തി മൂല്യം 221885/ -

മേൽ പ്രവൃത്തിയിൽ കരാറുകാരൻ ശ്രീ.സന്ദീപ്.എം.പി എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 2.3% നിരക്ക് കുറവിനാണ് കരാർ ഉറപ്പിച്ചിരുന്നത്. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ ടെണ്ടർ ശതമാനം കുറയ്ക്കാതെ മുഴുവൻ തുകയും കരാറുകാരന് നല്കി. കരാറുകാരന് അധികം നല്കിയ 5103/ - രൂപ (below tender 2.3% of 221885/-) തിരികെ ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- 
- 

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ടെണ്ടർ ശതമാനം കുറവ് ബില്ലിൽ കുറവ് ചെയ്തില്ല- കരാറുകാരന് അധികം നൽകി

പ്രോജക്ടിന്റെ പേര് -മയ്യത്തുംകര ടcകോളനി റോഡ് റീടാറിംഗ്.

പ്രോജക്ട് നം. -S0109/18.

കരാർ തീയതി - 23/17-18, dtd.6.3.18.

കരാറുകാരൻ -സന്ദീപ്.എം.പി.

അളവ് പുസതകം നമ്പർ - 106/17 -18.

ട്രഷറി ബിൽ നം 2/2018 19, dtd.22.5.18, തുക - 221885/-

ആകെ പ്രവൃത്തി മൂല്യം –221885/ -

മേൽ പ്രവൃത്തിയിൽ കരാറുകാരൻ ശ്രീ.സന്ദീപ്.എം.പി.എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 2.3% നിരക്ക് കുറവിനാണ് കരാറ് ഉറപ്പിച്ചിരുന്നത്. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ ടെണ്ടർ ശതമാനം കുറയ്ക്കാതെ മുഴുവൻ തുകയും കരാറുകാരന് നല്കി. കരാറുകാരന് അധികം നല്കിയ 5103/ - രൂപ (below tender 2.3% of 221885/-) തിരികെ ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കി വിവരം അറിയിക്കുന്നതു വരെ 5103/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 16.8.2019&17.8.2019 | കെ.എസ്.എ.ടി.എസ്.ആർ(എസ്1)-1120/19(69)/21.8.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സംയുക്തപ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | | | | | | | |
|---|---|---|---|---|---|---|---|
| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ROP | ആകെ | ബാലൻസ് |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 550000 | അംഗൻവാടി പോഷകാഹാരം | 550000 | | | |
| | | 500000 | ശാരീരിക മാനസിക വെല്ലുവിളി -സ്കോളർഷിപ്പ് | 500000 | | | |
| | | 400000 | കന്നുകുട്ടി പരിപാലനം | 212500 | | | 187500 |
| | | 400000 | ക്ഷീരം - സബ്സിഡി | 399998 | | | 2 |
| | | 1711896 | ലൈഫ് - ജനറൽ | 1711896 | | | |
| | | 2342250 | ലൈഫ് - എസ് സി | 1237250 | | | 1105000 |
| | | 600000 | 132 നമ്പർ റോഡ് അംഗൻവാടി നിർമ്മാണം | 600000 | | | 0 |
| | | 300000 | പ്രഭാകരൻ | 299952 | | | 48 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | മാസ്റ്റർ റോഡ് നിർമ്മാണം | | | | |
| | | 200000 | പാലിയേറ്റീവ് കെയർ | 197602 | | | 2398 |
| | | 300000 | ഭിന്നശേഷി ഉപകരണം | 0 | | | 300000 |
| | | 7304146 | | 5709198 | | | 1594948 |
| | | | Block Share -OB - Expenditure | | ROP | | |
| | | 99900 | പകൽ വീട് | | 99900 | | 0 |
| | | 9360 | പാലിയേറ്റീവ് കെയർ | | 9360 | | 0 |
| | | 75200 | പാലിയേറ്റീവ് കെയർ | | 75200 | | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 80600 | SC സൈക്കിൾ | 79000 | 1600 | | 0 |
| | | 15865 | ക്ഷീരം - സബ്സിഡി | | 15865 | | 0 |
| | | 93521 | ഭിന്നശേഷി ഉപകരണം | | 93521 | | 0 |
| | | 50000 | ഇക്കോ ഷോപ്പ് | 50000 | | | 0 |
| | | 424446 | | 129000 | 295446 | 424446 | |
| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | | | ബാലൻസ് |
| | | 200000 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 199828 | | | 172 |
| | | 475000 | ശാരീരിക മാനസിക വെല്ലുവിളി -സ്കോളർഷിപ്പ് | 447350 | | | 27650 |
| | | 300000 | വൃദ്ധജനക്ഷേമം -കട്ടിൽ | 217474 | | | 82526 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 300000 | ഭിന്നശേഷി ഉപകരണം | 299285 | | | 715 |
| | | 2205902 | ലൈഫ് | 2205902 | | | |
| | | 1007556 | ലൈഫ് | 1007556 | | | |
| | | 200000 | അംഗൻവാടി പോഷകാഹാരം | 200000 | | | |
| | | 200000 | പാലിയേറ്റീവ് കെയർ | 200000 | | | |
| | | 4888458 | | 4777395 | | | 111063 |
| | | | District Share - OB - Expenditure | | | | |
| | | 35000 | Life | 35000 | | | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ

# വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB, Mathilakam | 102/19-കൊട്ടേക്കാട്ട് ക്ഷേത്രത്തിനു മുൻവശം ലൈൻ ഉയർത്തൽ | 41800588 | 12000 | | |
| | 102/19-കൊട്ടേക്കാട്ട് ക്ഷേത്രത്തിനു മുൻവശം ലൈൻ ഉയർത്തൽ | 41800589 | 590 | | |
| | 81/19 വിവിധ റോഡുകളിൽ തടസ്സം നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 41800590 | 51202 | | |
| | 81/19 വിവിധ റോഡുകളിൽ തടസ്സം നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 41800591 | 26500 | | |
| | 41/19 വിവിധ റോഡുകളിൽ തടസ്സം നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 41800593 | 41925 | | |
| | 41/19 വിവിധ റോഡുകളിൽ തടസ്സം നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 41800599 | 61880 | | |
| | 41/19 വിവിധ റോഡുകളിൽ തടസ്സം നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 41800600 | 42817 | | |
| | 44/19 സ്ട്രീറ്റ്മെയിൻ ലൈൻ എക്സ്റ്റൻഷൻ | 41800594 | 375016 | | |
| | 44/19 സ്ട്രീറ്റ്മെയിൻ ലൈൻ എക്സ്റ്റൻഷൻ | 41800595 | 1174891 | | |
| | 44/19 സ്ട്രീറ്റ്മെയിൻ ലൈൻ എക്സ്റ്റൻഷൻ | 41800596 | 23829 | | |
| | 44/19 സ്ട്രീറ്റ്മെയിൻ ലൈൻ എക്സ്റ്റൻഷൻ | 41800597 | 28197 | | |
| | 44/19 സ്ട്രീറ്റ്മെയിൻ ലൈൻ എക്സ്റ്റൻഷൻ | 21801262 | 90000 | | |
| | 44/19 സ്ട്രീറ്റ്മെയിൻ ലൈൻ എക്സ്റ്റൻഷൻ | 21801263 | 81631 | | |
| | | | 2010478 | | |
| PWD, Electronics Department | 262/19 പഞ്ചായത്ത് ഓഫീസിൽ നെറ്റ് വർക്കിംഗ് | 21801308 | 144000 | | |
| | | | 144000 | | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന വായ്പ | സ.ഉ(MS)83/13/ തസ്വഭവ/ തിയ്യതി 11/03/2013 | 12600000 | 7249406 +20000(തൻവർഷം എടുത്ത തുക) | 1260000 | 65963 | 6009406 |
| LIFE - Loan from HUDCO | GO(MS) No 68/2018/LSGD dt 18.05.2018 | 33835507 | 0 | 0 | 0 | 33835507 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20444251 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക<br>പലിശ വരവ് | 1300000<br>1587736 | |
| 3 | ആകെ | 23331937 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 23331987 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| Account No | Amount Deposited | Interest | Amount Matured |
| (4094)-1849 | 1364278 | 111325 | 1475603 |
| 28682 | 2849943 | 243679 | 3093622 |
| 13854 | 1382227 | 110993 | 1493220 |
| 14054 | 1314852 | 105583 | 1420435 |
| 786 | 1316463 | 105712 | 1422175 |
| (4263) -1849 | 1288289 | 105125 | 1393414 |
| 21963 | 1336337 | 114261 | 1450598 |
| 145854 | 1336337 | 114261 | 1450598 |
| 14259 | 1290360 | 103615 | 1393975 |
| 65160-65174 | 1965165 | 168030 | 2133195 |
| 16433 | 1000000 | 58174 | 1058174 |
| 152336 | 3000000 | 190050 | 3190050 |
| 705/17 | 1000000 | 56928 | 1056928 |
| 743510 | 300000 | 0 | 300000 |
| 3420 | 500000 | 0 | 500000 |

| | | | |
|---|---|---|---|
| 17252 | 500000 | 0 | 500000 |
| | 21744251 | 1587736 | 23331987 |

# 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം. / തീയതി |
|---|---|---|---|---|
| 2013-14 | ഓഡിറ്റ് പാര 2-8(1) | 1040 | ഹെഡ്മിസ്ട്രസ്സ്, സ്മാർട്ട് കിഡ്സ് സ്കൂൾ, ആമണ്ടൂർ | 118130-104814/ 28.01.2019 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള നടപടി പരിഹാര പത്രിക | | | | |
|---|---|---|---|---|
| ക്രമ നം. | ഖണ്ഡിക നം., വർഷം | പരാമർശ വിഷയം | സ്വീകരിച്ച നടപടി | റിമാർക്സ് |
| 1 | | | | |